സഞ്ജയൻ

# സഞ്ജയന്റെ കൃതികൾ

(മലയാളം: ഹാസ്യകഥകൾ)

2013
സായാഹ്ന ഫൗണ്ടേഷൻ
തിരുവനന്തപുരം

**Sanjayante Krithikal**
Malayalam humor
by **Sanjayan**

EPUB/PDF version published: 2013

These electronic versions are released under the provisions of Creative Commons Attribution Share Alike license for free download and usage.

The electronic versions were generated from sources available at WikiSource, futher marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2012. ePub version was generated by TeX4ht from the same LaTeX sources. The base font used was traditional variant of Rachana, contributed by Rachana Akshara Vedi. The font used for Latin script and oldstyle numerals was TeX Gyre Pagella developed by GUST, the Polish TeX Users Group.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

# ഉള്ളടക്കം


ഉള്ളടക്കം . . . . . . . . . . iii

സഞ്ജയൻ . . . . . . . . . . v

1 ആ വമ്പിച്ച പ്രേരണ . . . . . . . . . . 1

2 കള്ളവാക്കുകൾ . . . . . . . . . . 7

3 ഞാൻ മാവിലായിക്കാരനാണ് . . . . . . . . . . 9

4 ടെക്സ്റ്റ്ബുക്കുക്കമ്മിറ്റിക്കാരുടെ ശ്രദ്ധക്ക് . . . . . . . . . . 11

5 ബി.എം. കോളേജിന്റെ ഉത്ഭവം . . . . . . . . . . 15

6 ഭർത്തൃസ്ഥാനാർത്ഥികൾ . . . . . . . . . . 21

7 മഴയുടെ കാരണം . . . . . . . . . . 33

8 രുദ്രാക്ഷമാഹാത്മ്യം . . . . . . . . . . 35

9 സഞ്ജയോപഖ്യാനം . . . . . . . . . . 45

# സഞ്ജയൻ

പ്രശസ്തനായ ഒരു മലയാള സാഹിത്യകാരനാണ് സഞ്ജയൻ. സഞ്ജയൻ എന്നത് തൂലികാനാമമാണ്, യഥാർത്ഥനാമം മാണിക്കോത്ത് രാമുണ്ണിനായർ (എം. ആർ. നായർ) എന്നാണ്. (ജനനം: 1903 ജൂൺ 13 – മരണം: 1943 സെപ്റ്റംബർ 13). തലശ്ശേരിക്കടുത്ത് 1903 ജൂൺ 13-ന ജനിച്ചു. തന്റെ കൃതികളിൽ സഞ്ജയൻ, പാറപ്പുറത്തു സഞ്ജയൻ, പി.എസ്. എന്നിങ്ങനെ പലപേരിലും അദ്ദേഹം സ്വയം പരിചയപ്പെടുത്തുന്നുണ്ട്.

## കുടുംബം

1903 ജൂൺ 13-ന് തലശ്ശേരിക്കടുത്ത് ഒതയോത്ത് തറവാട്ടിൽ മാടാവിൽ കുഞ്ഞിരാമൻ വൈദ്യരുടെയും പാറുവമ്മയുടെയും മകനായാണ് സഞ്ജയൻ ജനിച്ചത്. പിതാവ് തലശ്ശേരി ബാസൽ മിഷൻ ഹൈസ്കൂളിൽ മലയാളപണ്ഡിതനായിരുന്നു. കടത്തനാട്ടു രാജാവ് കല്പിച്ചുകൊടുത്ത സ്ഥാനപ്പേരായിരുന്നു വൈദ്യർ എന്നത്. കവിയും ഫലിതമർമ്മജ്ഞനും സംഭാഷണചതുരനുമായിരുന്ന കുഞ്ഞിരാമൻവൈദ്യർ 42-ആം വയസ്സിൽ മരിച്ചുപോയി. അച്ഛന്റെ കാലശേഷം രാവുണ്ണിയും സഹോദരങ്ങളും മാടാവ് വിട്ട് ഒതയോത്തേക്കു തിരിച്ചുപോന്നു.

വൈദ്യരുടെ രണ്ടാമത്തെ പുത്രനായിരുന്നു രാമുണ്ണി. രണ്ടു വയസ്സിനു മൂപ്പുള്ള, മൂത്തമകൻ കരുണാകരൻനായർ റവന്യൂ വകുപ്പിൽ തഹസീൽദാരായിരുന്നു. നല്ല കവിതാവാസനയുണ്ടായിരുന്ന കരുണാകരൻ നായർ രാമുണ്ണിനായർ മരിക്കുന്നതിന് ഒന്നര വർഷം മുമ്പേ മരിച്ചുപോയി.

എം.ആറിന്റെ ഇളയ സഹോദരിയായിരുന്നു പാർവ്വതി എന്ന പാറുക്കുട്ടി. എം.ആറിനു വളരെയധികം വാത്സല്യമുണ്ടായിരുന്ന അനുജത്തിയെ പി. കുട്ടി എന്നായിരുന്നു അദ്ദേഹം വിളിച്ചിരുന്നത്. കോഴിക്കോട്ടു സാമൂതിരി ഹൈസ്കൂൾ ഹെഡ് മാസ്റ്ററായിരുന്ന പി. കുഞ്ഞിരാമൻനായരായിരുന്നു പാറുക്കുട്ടിയുടെ ഭർത്താവ്.

വൈദ്യരുടെ അകാലചരമത്തിനുശേഷം ഏറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ, വേണ്ടപ്പെട്ട

വരുടെ നിർബന്ധത്തിനു വഴങ്ങി സഞ്ജയന്റെ അമ്മ പിണറായി പുതിയ വീട്ടിൽ ഡോ. ശങ്കരൻ നായരെ പുനർവിവാഹം ചെയ്തു. ഇങ്ങനെ കുഞ്ഞിശങ്കരൻ, ബാലകൃഷ്ണൻ, ശ്രീധരൻ എന്നീ പേരുകളിൽ മൂന്ന് അനുജന്മാരെക്കൂടി രാമുണ്ണിയ്ക്ക് ലഭിച്ചു.

## വിദ്യാഭ്യാസം

തലശ്ശേരി ബ്രാഞ്ച് സ്കൂൾ, തലശ്ശേരി ബ്രണ്ണൻ കോളേജ്, പാലക്കാട് വിക്ടോറിയാ കോളേജ്, ചെന്നൈ ക്രിസ്ത്യൻ കോളേജ്, തിരുവനന്തപുരം ലോ കോളേജ് എന്നവിടങ്ങളിലാണ് പഠിച്ചത്. 1919-ൽ പാലക്കാട് വിക്ടോറിയാ കോളേജിൽ അദ്ദേഹം ഇന്റർമീഡിയറ്റിനു ചേർന്നു.

## സാഹിത്യപ്രവർത്തനം

1927-ൽ ലിറ്ററേച്ചർ ഓണേഴ്സ് ജയിച്ച സഞ്ജയൻ 1936-ലാണ് പ്രശസ്തമായ "സഞ്ജയൻ" എന്ന ഹാസ്യസാഹിത്യമാസിക ആരംഭിക്കുന്നത്. 1938 മുതൽ 1942 വരെ മലബാർ ക്രിസ്ത്യൻ കോളേജിൽ അദ്ധ്യാപകനായിരുന്ന കാലത്താണ് വിശ്വരൂപം എന്ന ഹാസ്യസാഹിത്യമാസിക പ്രസിദ്ധീകരിക്കുന്നത്. 1935 മുതൽ 1942 വരെ കോഴിക്കോട് കേരളപത്രികയുടെ പത്രാധിപനായിരുന്ന സഞ്ജയന്റെ പ്രധാനകൃതികൾ സാഹിത്യനികഷം (രണ്ട് ഭാഗങ്ങൾ), സഞ്ജയൻ (ആറ് ഭാഗങ്ങൾ), ഹാസ്യാഞ്ജലി, ഒഥല്ലോ (വിവർത്തനം) തുടങ്ങിയവയാണ്. അദ്ദേഹത്തിന്റെ സഞ്ജയോപഖ്യാനമെന്ന കവിതയും പ്രസിദ്ധമാണ്. കുഞ്ചൻ നമ്പ്യാർക്കു ശേഷമുള്ള മലയാളത്തിലെ വലിയ ഹാസ്യസാമ്രാട്ടായിട്ടാണ് സഞ്ജയൻ അറിയപ്പെടുന്നത്. കവി, പത്രപ്രവർത്തകൻ, നിരൂപകൻ, തത്ത്വചിന്തകൻ, ഹാസ്യപ്രതിഭ എന്നീ നിലകളിൽ പ്രശസ്തനായിരുന്നു. പരിഹാസപ്പൂപനിനീർച്ചെടിക്കെടോ ചിരിയത്രേ പുഷ്പം, ശകാരം മുള്ളു താൻ എന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം.

## മരണം

1943 സെപ്റ്റംബർ 13-ന് കുടുംബസഹജമായിരുന്ന ക്ഷയരോഗം മൂർച്ഛിച്ച് അന്തരിച്ചു.

# 1

## ആ വമ്പിച്ച പ്രേരണ

പണമില്ലാത്തവൻ പിണമല്ലെങ്കിൽ, പണത്തെ ആരാധിയ്ക്കുന്ന ലോകത്തിലെ ഭൂരിപക്ഷം ജനങ്ങളെ സംബന്ധിച്ചിടത്തോളം, തീർച്ചയായും അവൻ പിണ്ടിസമനാണെന്ന സമ്മതിയ്ക്കാതെ കഴിയുകയില്ല. പണത്തിന്റെ വെളിച്ചത്തിൽ സകലദോഷാന്ധകാരങ്ങളും അസ്തമിയ്ക്കുന്നു; പണമില്ലായ്മയുടെ ഇരുട്ടിലാകട്ടെ, സകലഗുണങ്ങളും മങ്ങിക്കെട്ടുപോവുകയും ചെയ്യുന്നു. പണമുള്ളവന്ന എന്തും വാങ്ങാൻ കഴിയുമെന്ന പറയുന്നത് എല്ലാ കാര്യത്തിലും നേരല്ലെങ്കിൽ, പണമില്ലാത്തവന്ന് ഒന്നും വാങ്ങാൻ കഴിയുകയില്ലെന്ന് പറയുന്നത് ഒരു കാര്യത്തിലും നേരല്ലാതെയല്ല. സത്യമായും പണം ജീവിതക്കാറിന്റെ പെട്രോളാണ്; ജീവിതവിളക്കിലെ എണ്ണയാണ്; ജീവിതവാച്ചിലെ ഹെയർ സ്പ്രിങ്ങാണ്; ജീവിതഗജത്തിന്റെ തുമ്പിക്കൈയാണ്; ജീവിതശിവന്റെ ശക്തിയാണ്; ജീവിതച്ചെടിയുടെ വേരാണ്; ജീവിതപ്പായസത്തിലെ ശർക്കരയാണ്; ജീവിതത്തീവണ്ടിയുടെ റെയിൽപ്പാതയാണ്.

കള്ളൻ കക്കുന്നതും, ഇൻസ്പെക്ടർ അന്വേഷണം നടത്തുന്നതും, പോലീസുകാരൻ അറസ്റ്റു ചെയ്യുന്നതും, വക്കീൽ വാദിയ്ക്കുന്നതും, മജിസ്ട്രേട്ടു വിധി കല്പിയ്ക്കുന്നതും, ജെയിൽ വാർഡൻ പാറാവു നിൽക്കുന്നതും ഒക്കെ പണത്തിനുവേണ്ടിയാണെന്ന സംഗതി ആലോചിയ്ക്കുമ്പോൾ ആരാണ് അദ്ഭുതപ്പെടാത്തത്? എന്താണ് അദ്ഭുതപ്പെടുവാനുള്ളത്? നന്നെ ചെറിയ കുട്ടികൾ, തനിഭ്രാന്തന്മാർ, കാമുകന്മാർ, യുവകവികൾ, മഹായോഗികൾ എന്നിവരൊഴിച്ച് ബാക്കിയാരെങ്കിലും, എന്തെങ്കിലും, എപ്പോഴെങ്കിലും, എവിടെയെങ്കിലും, ശ്രദ്ധാപൂർവ്വം ചെയ്യുന്നതായി കണ്ടാൽ അത് നേർവഴിയ്ക്കല്ലെങ്കിൽ വളഞ്ഞ വഴിയ്ക്കെങ്കിലും, പണത്തിന്നുവേണ്ടിയാണെന്നു നിങ്ങൾ അനുമാനിയ്ക്കുന്ന പക്ഷം വളരെത്തെറ്റുമെന്നു തൊന്നുന്നില്ല.

പണത്തിന്നു ചിലപ്പോൾ ചെയ്യാൻ കഴിയുന്ന അദ്ഭുതകൃത്യങ്ങൾ പറഞ്ഞാലൊടുങ്ങുകയില്ല. കൊലക്കേസ് വിചാരണ ചെയ്യുന്ന സെഷൻസ് ജഡ്ജിയ്ക്കുണ്ടായിരിയ്ക്കേണ്ടുന്നതിലധികം ഗൗരവത്തോടുകൂടി, ചുറ്റും ആയിരം ആളുകൾ നിന്നാൽക്കൂടി അവയൊന്നും കാണാതെ, നോക്കുവാൻ സമയമില്ലാതെ, കടലാസ്സുകളിൽത്തന്നെ ശ്രദ്ധപതിപ്പിച്ചുകൊ

ണ്ടിരിയ്ക്കുന്ന ആ കോടതിഗുമസ്തനെ (വക്കീൽഗുമസ്തനല്ല) കുറച്ചുനേരം സൂക്ഷിച്ചുനോക്കുവിൻ! വല്ല കക്ഷിയും ഏതെങ്കിലും ഒരു റിക്കോർട്ടിന്നാവശ്യപ്പെട്ടാൽ വാലു പിടിച്ചു വലിയ്ക്കപ്പെട്ട പൂച്ചയെപ്പോലെ, ആ വിദ്വാൻ മുരളുകയും, പല്ലിളിയ്ക്കുകയും, ആട്ടുകയും. തുപ്പുകയും ചെയ്യുന്നത് കണ്ടുവോ? "സമയമില്ല. കടന്നുപോവിൻ. ഒരു പണിയെടുക്കാൻ സമ്മതിയ്ക്കുകയില്ല. ദ്രോഹം! ആരോടാണ് ചെന്നു പറയുന്നതെങ്കിൽ പറയിൻ! പോവാനല്ലേ പറഞ്ഞത്...ആ റിക്കാർട്ട് ഇവിടെയില്ല. ഫോറം ഞാൻ കണ്ടിട്ടില്ല. ഞാനറിയില്ല. ആ കടലാസ്സ് ഇവിടെ എത്തീട്ടില്ല. പിന്നെ സമയമുള്ളപ്പോൾ നോക്കി പറഞ്ഞുതരാം...എന്തൊരു മാരണമാണ്! നിങ്ങൾകടന്നുപോകുന്നോ ഇല്ലയോ, ഹേ?..എടുത്തുതരാൻ മനസ്സില്ല. കടന്നു പുറത്തു നിൽക്കിൻ!" ഇത്യാദി ചില ദുർഭാഷണങ്ങൾ പബ്ലിക്കിന്റെ "ഭൃത്യസ്യഭൃത്യപരിചാരകഭൃത്യഭൃത്യഭൃത്യസ്യ ഭൃത്യ" നാണെന്നു സങ്കല്പിയ്ക്കപ്പെട്ടിരിയ്ക്കുന്ന ആ ഉദ്യോഗസ്ഥൻ പറയുന്നതു കേട്ടുവോ?

ശരി. നല്ലവണ്ണം സൂക്ഷിയ്ക്കിൻ. അതാ! കക്ഷിയുടെ കൈ കീശയിലേയ്ക്കും, കീശയിൽനിന്നു മേശയുടെ കന്നിക്കോണിലൂടെയോ ധനുക്കോണിലൂടെയോ കസാലയുടെ അടുത്തേയ്ക്കും നീങ്ങുന്നു. ഗുമസ്ഥന്റെ കുപ്പായത്തിന്റെ തൂക്കം ബഹുകൃത്യമായി ഒരു തോല അധികമാകുന്നു.

പെട്ടെന്നുണ്ടായ പരിവർത്തനം നോക്കുക: "എന്തു കടലാസ്സാണെന്നാണ് പറഞ്ഞത്...ഓ, ഹോ, അതോ? അതിവിടെയുണ്ട്. രണ്ടുമൂന്നു ദിവസമായി ഇവിടെക്കിടക്കുന്നു. ഇതൊക്കെ സമയത്തിനു വന്നു കൊണ്ടുപോണം, ഹേ! ഇപ്പോഴത്തെ ഇയാൾ [എന്നു വെച്ചാൽ മുനിസീഫോ ജഡ്ജിയോ] വന്നതിന്നു ശേഷം ഇവിടെയുള്ള തിരക്ക് എന്താണേന്നറിയാമോ? ശ്വാസം കഴിയ്ക്കാൻ നേരമില്ല. കടലാസ്സിതാ. മറ്റൊന്നും വേണ്ടല്ലോ? ... ശരി. സലാം."

മനുഷ്യന്റെ സ്വഭാവത്തിൽ ഈ മാറ്റം വരുത്തിച്ചേർക്കുന്ന വസ്തു, വേദാന്തികൾ എന്തുതന്നെ പുലമ്പിയാലും, കാമ്യമല്ലേ സാറേ? കൊയനാവിനെ പഞ്ചസാരയാക്കുന്ന മഹേന്ദ്രജാലമല്ലേ ഇവിടെ കാണപ്പെട്ടത്? ഒരുറുപ്പികയെടുത്തു കോടതിവളപ്പിലെ ചട്ടുകക്കള്ളിയ്ക്കു നേരെ കാട്ടിയാൽ അതു പെട്ടെന്നു പൂത്തുനിൽക്കുന്ന കുരുക്കുത്തിമുല്ലച്ചെടിയായി മാറുമെന്നുകൂടി എനിയ്ക്കുചിലപ്പോൾ തോന്നിപ്പോയിട്ടുണ്ട്. മലബാറിനെസംബന്ധിച്ചേടത്തോളം, മറ്റു ഗവർമ്മേണ്ടാപ്പീസ്സുകളിലെക്കാൾ കോടതികളിൽ പണത്തിന്റെ ഈ പരിവർത്തനശക്തി കുറെയധികം വെളിപ്പെട്ടുകാണുന്നത്കൊണ്ടാണ് ഞാൻ കോടതികളെ ഉദാഹരണമായെടുത്തത്.

'പണമെന്നു കേട്ടാൽ പിണവും വായ്പൊളിയ്ക്കു' മെന്നുള്ളതാണ് പണത്തെയും പിണത്തെയും സംബന്ധിയ്ക്കുന്ന വേറൊരു പഴഞ്ചൊല്ല്. ഇതും അതിശയോക്തിയാണെന്നു വിചാരിയ്ക്കുന്നവരുണ്ടെങ്കിലും, ഞാൻ ആ കൂട്ടത്തിൽ പെട്ടവനല്ല. കാരണം പണത്തിന്നു വേണ്ടി ഒരിയ്ക്കൽ താച്ചുപണിയ്ക്കർ പ്രസംഗിച്ചത് ഞാൻ കേട്ടുനിന്നവനാണ്. താച്ചുപണിയ്ക്കർക്ക് പ്രസംഗിയ്ക്കാമെങ്കിൽ പിണത്തിന്നു വായ പൊളിയ്ക്കുകയും ചെയ്യാമെന്നുള്ളത് താച്ചുപണിയ്ക്കരെ പരിചയമുള്ള ആരും സമ്മതിയ്ക്കുന്ന സംഗതിയാണ്.

താച്ചു എന്റെ കൂടെ ഇന്റർമീഡിയറ്റു ക്ലാസ്സുകളിൽ പഠിച്ചിരുന്ന ഒരു ദേഹമാണ്. നല്ല ഒരു ചങ്ങാതിയായിരുന്നു. പക്ഷേ ഒരു പ്രാസംഗികനായി കീർത്തി നേടുവാനുള്ള കോപ്പുകളോടു കൂടിയല്ല പ്രകൃതി താച്ചുവെ സൃഷ്ടിച്ചതെന്നു മനസ്സിലാക്കുവാൻ താച്ചുവുമായി അധിക പരിചയമൊന്നും വേണ്ട.

ഒരു ദിക്കിൽ കുറയുന്നത് വേറൊരു ദിക്കിൽ ഏറുമെന്നുള്ളത് ലോകത്തിലെ സ്ഥിരനിയമമാണല്ലോ. അതുപ്രകാരം പ്രസംഗപാടവത്തെസ്സംബന്ധിച്ചുള്ള കുറവു പണത്തോടുള്ള അത്യാർത്തിയുടെ ആധിക്യത്താൽ താച്ചുവും പരിഹരിച്ചിട്ടുണ്ടെന്നു വേണമെങ്കിൽ സമാധാനിയ്ക്കാം.

ഒരു ദിവസം വൈകുന്നേരം ഞങ്ങളെല്ലാം കൂടി റെയിൽവെ സ്റ്റേഷനിലെത്തി. വെറുതെ പോയതാണ്. ഒരു പാസഞ്ചർ വണ്ടി പ്ലാറ്റുഫോറത്തിന്നടുത്തുണ്ട്. ഞങ്ങൾ ഭയങ്കരമായി വാദപ്രതിവാദം ചെയ്യുകയായിരുന്നു; വിഷയം പ്രസംഗവുമായിരുന്നു. മലയാളത്തിൽ പ്രസംഗിയ്ക്കുന്നത് എളുപ്പമാണെന്ന് കൂട്ടത്തിലൊരാൾ പറഞ്ഞതോടുകൂടിയാണ് വാദപ്രതിവാദം ആരംഭിച്ചത്. പ്ലാറ്റുഫോറത്തിലെത്തിയപ്പോഴും വാദം നിന്നിരുന്നില്ല. ആ സമയത്തു കൂട്ടത്തിലൊരാൾ “മലയാളത്തിൽ വേണ്ടിവന്നാൽ നമ്മുടെ താച്ചുകൂടി പ്രസംഗിയ്ക്കു”മെന്നു പറഞ്ഞു. “ഈ ജന്മം സാധിയ്ക്കുകയില്ലെ”ന്നു എതിർസംഘം ഐക്യകണ്ഠേന സിദ്ധാന്തിച്ചു. താച്ചുവും അവരോടു അനുകൂലിച്ചു. അപ്പോഴാണ് ഒരു കുസൃതിക്കാരൻ “ഒരുറുപ്പിക കൊടുത്താൽ താച്ചു തീർച്ചയായും പ്രസംഗിയ്ക്കു”മെന്ന് പറഞ്ഞത്. “ഒരുറുപ്പിക ഞാൻ തരാം. തീർച്ചയായി പ്രസംഗിയ്ക്കുമോ?” എന്നൊരാൾ ചോദിച്ചു. താച്ചു രണ്ടു സെക്കന്റുനേരം മടിച്ചുനിന്നു. ആത്മാവിൽ അപ്രത്യയമായ ചേതസ്സും പണത്തോടുള്ള കൊതിയും കരളിൽ കിടന്നു കമ്പവലി നടത്തുന്നത് ഏതാണ്ടു ഞങ്ങൾക്കു കാണാമായിരുന്നു. ഒടുക്കം “ഉറുപ്പിക കാണട്ടെ!” എന്നു താച്ചു ആവശ്യപ്പെട്ടു. ഉറുപ്പിക കാണിച്ചു. ഒരു മധ്യസ്ഥന്റെ കൈവശം ഏല്പിച്ചു. താച്ചുവെ സംബന്ധിച്ചേടത്തോളം പണക്കൊതി സഭാകമ്പത്തെ ജയിച്ചു. “എവിടെവെച്ചാണ് പ്രസംഗിയ്ക്കേണ്ടത്?”

“ഇവിടെവെച്ച്” എന്ന് ഉറുപ്പികക്കാരൻ പറഞ്ഞു.

“ഈ പ്ലാറ്റുഫോറത്തിൽ വെച്ചോ?”

“അതെ”

“എപ്പോൾ?”

“ഇപ്പോൾ”

“ഉറക്കെ പ്രസംഗിയ്ക്കണോ?”

“വേണം”

“കുറച്ചു പറഞ്ഞാൽ പോരേ?”

“ഒരു ഡസൻ വാചകങ്ങളെങ്കിലും പറയണം”

“എന്താണ് വിഷയം?”

“വിഷയം അന്വേഷിച്ചു ബുദ്ധിമുട്ടേണ്ട. തീവണ്ടി മുൻപിൽത്തന്നെയുണ്ടല്ലോ, അതിനെപ്പറ്റി പ്രസംഗിയ്ക്കാം” എന്നു മുൻപറഞ്ഞ കുസൃതിക്കാരൻ അഭിപ്രായപ്പെട്ടു. താൻ സയൻസുകാരനല്ലെന്നും അതുകൊണ്ടു തീവണ്ടിയെപ്പറ്റി ശാസ്ത്രീയമായി യാതൊന്നും പറയുവാൻ കഴിയുകയില്ലെന്നും;ഒട്ടക്കം പ്രസംഗിച്ചതു നോൺസെൻസാണെന്നു പറഞ്ഞു പണം കൊടുക്കാതിരിയ്ക്കരുതെന്നും താച്ചു ഈ ഘട്ടത്തിൽ പറഞ്ഞു. അങ്ങിനെയൊന്നും വരുന്നതല്ലെന്നു മറ്റുള്ളവർ ഉറപ്പു കൊടുത്തു.

ഞങ്ങൾ നിന്നിരുന്നത് എഞ്ചിന്റെ സമീപമായിരുന്നു. അടുത്ത് ഒരു വലിയ പഴയ പീഞ്ഞപ്പെട്ടിയുമുണ്ടായിരുന്നു. താച്ചു അതിന്മേൽ കയറിനിന്നു “മാന്യരേ!” എന്നൊരു വിളി വിളിച്ചു. പത്തിരുപത് മാന്യന്മാർ- ഇവരിൽ ചില പോർട്ടർമാരും ഉൾപ്പെടും - ഉടനെ എത്തി. പിന്നീടൊന്നുമില്ല, താച്ചു ആകാശം നോക്കി, ചുറ്റും നോക്കി, നിലത്തു നോക്കി. പിന്നെ ഞങ്ങളുടെ മുഖത്തു നോക്കി, ഞങ്ങൾ ആ ശോകപ്രദമായ കാഴ്ചയിൽനിന്നു കണ്ണുതിരിച്ചു.

“മാന്യരേ!”

വീണ്ടും നിശ്ശബ്ദം. ആകപ്പാടെ താച്ചുവിന്റെ പ്രസംഗം “മാന്യരേ” വിളികൊണ്ടു തന്നെ അവസാനിയ്ക്കുമെന്ന നിലയിലായപ്പോൾ മധ്യസ്ഥൻ കീശയിൽനിന്ന് ഒരുറുപ്പികയെടുത്തു താച്ചുവെ കാണിച്ചു.

ഈ പ്രയോഗത്തിന്റെ ഫലം ആകസ്മികവും, അപ്രതീക്ഷിതവും, അത്ഭുതാവഹവുമായിരുന്നു. പെട്ടെന്നു സംഭവിച്ചതു താച്ചുവിന്റെ സ്മൃതിയിൽ, മയൂരാക്ഷി നദിയിൽ ഈയിടെ വെള്ളപ്പൊക്കം കൊണ്ടുണ്ടായതു പോലെയുള്ള, ഒരു അണക്കെട്ടു പൊട്ടലായിരിയ്ക്കണമെന്നു ഞാനൂഹിയ്ക്കുന്നു. എങ്ങിനെയായാലും താച്ചുവിന്റെ തലച്ചോറിലേയ്ക്കും അവിടെ നിന്നു നാവിലേയ്ക്കും അപ്രതിഹതമായ തള്ളലോടുകൂടി പ്രവഹിച്ചതു ഞങ്ങൾ താണ ക്ലാസ്സുകളിൽ പഠിയ്ക്കുന്ന കാലത്ത് പാഠ്യപുസ്തകകമ്മിറ്റി അംഗീകരിച്ചിരുന്ന മാർസ്ഡൻസായ്വ് ചമച്ച ദേശഭാഷാപാഠപുസ്തകങ്ങളിൽ ചെമ്മരിയാടിനെയും, പശുവിനേയും, കുരങ്ങിനേയും, കരടിയെയും മറ്റും സംബന്ധിച്ചുള്ള പാഠങ്ങളിലെ വാചകങ്ങളായിരുന്നു! അവയ്ക്കു പ്രകൃതവുമായി വല്ല ബന്ധവുമുണ്ടോ എന്ന് അന്വേഷിയ്ക്കുവാൻ താച്ചു മിനക്കെട്ടില്ല. സഭാകമ്പം നിമിത്തം വല്ലതിനെപ്പറ്റിയും ആലോചിയ്ക്കുവാനുള്ള ശക്തി പണ്ടേ താച്ചുവിനെ വെടിഞ്ഞു ദൂരെയെങ്ങോ പോയിരിയ്ക്കുന്നു. ദൂരദൂരമായ ചക്രവാളത്തിൽ തിളങ്ങുന്ന അതിവിപുലമായ വൃത്തത്തോടുകൂടിയ ഒരു വെള്ളിയുറുപ്പികയുടെ പ്രതിച്ഛായ മാത്രമേ താച്ചുവിന്റെ ഭാവനയിലുണ്ടായിരുന്നുള്ളൂ. വാചകത്തിന്നും വാചകത്തിന്നും മദ്ധ്യേ കാൽസെക്കന്റു പോലും താമസിയ്ക്കാതെ, ഈ സമയമാകുമ്പോഴേയ്ക്കും അമ്പതിൽച്ചില്വാനം ആളുകളെത്തിച്ചേർന്നിരുന്ന ആ സദസ്സിനെ കണ്ട ഭാവംപോലും നടിയ്ക്കാതെ എഞ്ചിനുനേരെ ചൂണ്ടിക്കൊണ്ടു താച്ചു ഇങ്ങിനെ പ്രസംഗിച്ചു:

“മാന്യരേ, ഇതെന്താകുന്നു? ഇതിനെ നോക്കു! ഇതൊരു കോലാടോ? അല്ലാ. ഇതൊരു തീവണ്ടിയാകുന്നു. ഇതു വളരെ ഭംഗിയുള്ള ഒരു മൃഗമാകുന്നു. തീവണ്ടി നമുക്ക് പാൽ തരു

ന്നു. പാൽ വെളുത്തതും മധുരമുള്ളതും ദേഹത്തിന്നു ഗുണകരമായതുമാകുന്നു. വികൃതിക്കുട്ടികൾ ഇതിനെ കല്ലെടുത്തെറിയും. അപ്പോൾ ഇത് അവരെ കടിയ്ക്കുകയും മാന്തുകയും ചെയ്യും. മനുഷ്യർ ചെയ്യുന്നതുപോലെയൊക്കെ ഇതും ചെയ്യും; ഈ സ്വഭാവത്തിന്ന് അനുകരണബുദ്ധി എന്നാകുന്നു പേർ. ആംഗ്ലേയർ ഇതിനെപ്പിടിച്ചു മെരുക്കി ഒരു വീട്ടുമൃഗമായി പോറ്റിവരുന്നു. തീവണ്ടിയ്ക്കു പ്രതികാരബുദ്ധിയും അധികമായുണ്ട്. തന്നെ ദ്രോഹിയ്ക്കുന്നവരെ ഇത് ഓർമ്മവെച്ചു വളരെക്കാലം കഴിഞ്ഞാൾ ആ പക വീട്ടുന്നു.”

പ്രസംഗം ഇത്രയുമായപ്പോഴേയ്ക്കു സദസ്യരുടെ ചിരിയും ഹസ്തഘോഷവും കേട്ടു ഡ്രൈവർ എഞ്ചിനിൽനിന്നു പുറത്തേയ്ക്കു നോക്കി. പ്രാസംഗികന്റെ ചൂണ്ടുവിരൽ പെട്ടെന്ന് അദ്ദേഹത്തിന്റെ നേരെ നീണ്ടു:

“ഇതിൽ ഒരുവൻ നിൽക്കുന്നതു കണ്ടുവോ? അവൻ ഇതിനെ നോക്കിനടത്തുന്നവനാകുന്നു. അവൻ പറഞ്ഞാൽ ഇതു മരത്തിന്മേൽ കയറുകയും അനേകം അഭ്യാസങ്ങൾ കാണിയ്ക്കുകയും ചെയ്യും. ഇതിന്ന് അവനോടും, അവന്ന് ഇതിനോടും വളരെ സ്നേഹമാകുന്നു. സംസ്കൃതത്തിൽ ഇതിന്നു ‘കുഞ്ജരം’ എന്നു പേർ!”

ഇതോടുകൂടി പ്രസംഗം അവസാനിച്ചു. ഒടുക്കത്തെ വാചകത്തിലൂടെ പ്രകാശിച്ച പ്രാസംഗികന്റെ അധൃഷ്യപാണ്ഡിത്യം സദസ്യരുടെ വീർപ്പെടുത്തു കളഞ്ഞു.

താച്ചുവിന്ന് ഉറുപ്പിക കിട്ടി. ഞങ്ങൾ അദ്ദേഹത്തെ ജയാരവത്തോടുകൂടി ഹോസ്റ്റലിലേയ്ക്കു അനുഗമിച്ചു. ആ വമ്പിച്ച പ്രേരണ! അങ്ങേ അറ്റത്ത് പണമുണ്ടെന്നറിഞ്ഞാൽ ഏതു സമുദ്രമാണ് മനുഷ്യൻ നീന്തിക്കടക്കാത്തത്?

# 2

## കള്ളവാക്കുകൾ

“തുല്യഭുജസമാന്തരചതുർഭുജം” എന്ന വാക്കിന്റെ അർത്ഥം പറയുവാൻ, തിരക്കായി എവിടെയെങ്കിലും പോകുന്ന സമയത്ത്, നിങ്ങളെ നിരത്തിന്മേൽ തടഞ്ഞുനിർത്തി ഒരാൾ ആവശ്യപ്പെട്ടാൽ നിങ്ങൾ എന്താണ് പറയുക? വിഷ്ണുസഹസ്രനാമങ്ങളിൽ ഒന്നായിരിയ്ക്കുമെന്നു പറയും. അല്ലേ? എന്നാൽ അതു ശരിയല്ല.ഇതു കണക്കുപാഠപുസ്തകങ്ങളിൽ കാണപ്പെടുന്ന ഒരു വാക്കാണ്. ഈ വാക്കു “റോംബസ്” എന്ന ഇംഗ്ലീഷുവാക്കിന്റെ ഗീർവാണമാണു പോലും! എന്തിനാണ്, ടെക്സ്റ്റുബുക്കു നിർമ്മാതാക്കളേ, നിങ്ങൾ കുട്ടികളെ ഇങ്ങിനെ ദ്രോഹിയ്ക്കുന്നത്? “റോംബസ്” എന്നു തന്നെ പഠിപ്പിച്ചാൽ എന്താണ് തരക്കേട്? അതു പരിചയമില്ലാത്ത പുതിയ വാക്കാണ്. ശരി, നിങ്ങളുടെ “തുല്യഭുജസമാന്തരചതുർഭുജം” പഴയ വാക്കാണോ? അതിന്റെ അർത്ഥം കേൾക്കുന്ന മാത്രയിൽ മനസ്സിലാകുന്നുണ്ടോ? അതിന്നു വല്ല അർത്ഥവുമുണ്ടോ?

> ”ഇദം ചതുർബാഹുകമായ രൂപം
> മുദാ ചുരുക്കീടുക ടെക്സ്റ്റുകാരേ!”

എന്ന് ഞങ്ങൾ നിങ്ങളോട് അഭ്യർത്ഥിച്ച്കൊള്ളട്ടെയോ? തുല്യഭുജസമാന്തരചതുർഭുജം പോലും! തുല്യഭുജമണ്ണാങ്കട്ടയാണ്! ദ്രോഹികൾ !

മലയാളഭാഷയിലേയ്ക്ക് ഇങ്ങിനെ പല കള്ളവാക്കുകളും. നാലു തറ കടന്നു കള്ളറാക്കുപോയിരുന്നതുപോലെ, കടന്നുവരുന്നുണ്ട്. ഇവരിൽ കുറെയാളുകളെ സഞ്ജയൻ ബൌണ്ടറിയിൽ പിടിച്ചുനിർത്തീട്ടുണ്ട്. അവയുടെ നോട്ടം സഞ്ജയന്നു പിടിക്കുന്നില്ല. ഈ തുല്യഭുജസമാന്തരചതുർഭുജവും മറ്റും ആരും കാണാതെ കടന്നുവരുവാൻ ശ്രമിക്കുന്നതിന്റെ വിഡ്ഢിത്തം നോക്കുവിൻ ! അവനെ ഒരു മൈൽ ദൂരെ നിന്നു കാണാം; അത്ര വലിയ തടിയും വയറുമുള്ള ഒരു വിദ്വാൻ ഒളിച്ചുകടക്കുവാൻ ശ്രമിച്ചാലോ? വേറെ ചിലരുടെ വിചാരണ

സഞ്ജയൻ അടുത്തൊരവസരത്തിൽ നടത്തും. അതിർത്തി കടന്നു വരുന്നതിന്നു ശരിയായ കാരണം കാണിയ്ക്കാതെ അവരെ സഞ്ജയൻ വിടുകയില്ല. വർത്തമാനക്കടലാസ്സുകൾ, പ്രസംഗവേദികൾ, പാഠപുസ്തകങ്ങൾ, ഇവയുടെ വാതിൽക്കൽ കൈക്കൂലിയും സേവയുമില്ലാത്ത ഒരു ചുങ്കം ഉദ്യോഗസ്ഥനെ ഗവർമ്മേണ്ട് ഉടനെ നിശ്ചയിക്കേണ്ടതാണ്. (അധികൃതന്മാരുടെ അടിയന്തിരശ്രദ്ധയ്ക്ക്.) ഇല്ലെങ്കിൽ കുറച്ചു കൊല്ലംകൂടി കഴിഞ്ഞാൽ നമ്മൾ പറയുന്നത് അന്യോന്യം മനസ്സിലാകാതായിത്തീരും.

# 3

## ഞാൻ മാവിലായിക്കാരനാണ്

ഞാൻ ഒരു കഥ പറയാൻ പോകുന്നു. മനസ്സിരുത്തി കേൾക്കണം. ഇടക്കു അനാവശ്യമായ ചോദ്യങ്ങൾ ചോദിച്ച് അലട്ടരുത്. കൈ മുട്ടുന്നതു അവസാനമാക്കാം. കുറച്ചു വിട്ടു നിൽക്കിൻ! — ശരി, എന്നാൽ പറയട്ടെ?

തിരുവോണദിവസം. ഓണത്തിന്നു ഊണ് അല്പം വൈകീട്ടാണല്ലോ പതിവ്. ഊണിന്നടുത്തേ പഴമക്കാർ കുളിക്കുകയുള്ളൂ; കുളി കഴിയുന്നതു വരെ അവരൊന്നും കഴിക്കുകയുമില്ല. അങ്ങിനെ, രണ്ടു മണിക്ക് കുളി കഴിഞ്ഞ്, പാവുടുത്ത്, ചന്ദനക്കുറിയും, നനഞ്ഞ തോർത്തും, കലശലായ വിശപ്പും, തെല്ലൊരു ശുണ്ഠിയുമായി ഒരു വലിയ തറവാട്ടിലെ രണ്ടാംകൂറു കാരണവർ കോണിയിറങ്ങി തളത്തിലേയ്ക്കു നോക്കിയപ്പോൾ, പന്തിപ്പായ വിരിച്ച്, ഇലയുടെ മുൻപിൽ കാരണവർ തുടങ്ങി വിഷുവിന്നു ചോറൂണ് കഴിഞ്ഞ കുട്ടിവരെ ഇരുന്നു കഴിഞ്ഞിരിയ്ക്കുന്നു. ഇരുന്നവരുടെ എണ്ണം മുപ്പത്തൊന്ന്, ഇലയെണ്ണം മുപ്പത്തൊന്ന്; പൂജ്യം അണ, പൂജ്യം പൈ; സർക്കാർ കണക്കു പോലെ എന്നർത്ഥം. രണ്ടംകൂറിന്നു ഇലയുമില്ല, സ്ഥലവുമില്ല, ഇരുന്നവരുടെ മുൻപിൽ നിന്നു ഇല വലിച്ചു പായുകയോ, ഭാഗത്തിന്ന് വ്യവഹാരം ഫയലാക്കുകയോ, കാരണവരോട് കയർക്കുകയോ, അനന്തരവന്മാരുടെ നേരെ കണ്ണുരുട്ടുകയോ, ഇലവെച്ചവനെ പ്രഹരിക്കുകയോ, എന്താണ് രണ്ടാംകൂറു ചെയ്യുക?

നിങ്ങൾക്കറിഞ്ഞുകൂട. എനിയ്ക്കും അറിഞ്ഞുകൂട. പക്ഷേ നമ്മുടെ വൈസ്ചേർമാനറിയും, കഥയിലെ രണ്ടാംകൂറിന്റെ സ്ഥിതിയാണ് അദ്ദേഹത്തിന്നു പറ്റിയിരിയ്ക്കുന്നത്. വൈസ്ചേർമാന്റെ പേര് വോട്ടർമാരുടെ ലിസ്റ്റിലില്ല! നോക്കിൻ, സർ ഒരു തമാശ! ഇങ്ങിനെ പരമരസികന്മാരായിട്ട് ഒരു മുനിസിപ്പാലിറ്റിക്കാരെ ഞാൻ ഈ വയസ്സിനകത്ത് കണ്ടിട്ടില്ല. ഇനി നാളെ ചേർമാൻ കൗൺസിലിൽ വരുമ്പോൾ അദ്ദേഹത്തിന്നു കസേരയില്ലെന്നു കേൾക്കാം. ഇതെന്തൊരു മക്കാറാണ്!

നിങ്ങളുടെ മുനിസിപ്പാലിറ്റി സാക്ഷാൽ പരബ്രഹ്മജി താൻ തന്നെ വിചാരിച്ചാലും നന്നാക്കു

വാൻ കഴിയാത്ത മുനിസിപ്പാലിറ്റിയാണ്. ഈ ബാലിയുടെ വാലിന്നു സഞ്ജയനും കയറിപ്പിടിച്ചു എന്നൊന്നും ഘോഷിച്ചു നടക്കേണ്ടുന്ന ആവശ്യം സഞ്ജയന്നുമില്ല. നിങ്ങൾ നന്നായാൽ നിങ്ങൾക്കു നന്ന്. നന്നെ ബുദ്ധിമുട്ടിച്ചാൽ പണ്ടു മാവിലായിക്കാരൻ പറഞ്ഞൊഴിഞ്ഞതുപോലെ സഞ്ജയനും ഒഴിയും.

നിങ്ങൾ അക്കഥ കേട്ടിട്ടില്ലല്ലോ. പണ്ടൊരു ദിവസം രാത്രി ആറ്റുപുറം വയലിൽക്കൂടി രണ്ടു കള്ളുകുടിയന്മാർ പോവുകയായിരുന്നു. പൂർണ്ണചന്ദ്രൻ ഉദിച്ചുയർന്നിരിയ്ക്കുന്നു. "എന്നാൽ ലോകത്തിൽ വെളിച്ചം തരുന്ന പല സാധനങ്ങളുമുണ്ടെങ്കിലും ആ സാക്ഷാൽ സൂര്യഭഗവാൻ സൂര്യഭഗവാൻ തന്നെ" എന്നു പറഞ്ഞ് ഒരു കുടിയൻ ചന്ദ്രനെ നോക്കി വളരെ ഭക്തിയോടു കൂടി ഒന്നു കണ്ണടച്ചു തൊഴുതു. "തനിക്കു തലക്കു പിടിച്ചിരിയ്ക്കുന്നു; അതു ചന്ദ്രനാണെടോ", എന്ന് മറ്റേക്കുടിയൻ വാദമായി. വാദം മൂത്തു പിടിയും വലിയും തുടങ്ങി; കത്തി വലിക്കേണ്ടുന്ന ഘട്ടമായി. അപ്പോഴാണ് പട്ടണത്തിൽനിന്നു പതിവായി നേരം വൈകി തിരിച്ചുപോകാറുള്ള ഒരു വഴിപോക്കൻ അവിടെയെത്തിയത്. കുടിയന്മാർ രണ്ടു പേരും അയാളെ കടന്നു പിടിച്ചു. "പറയെടാ, ആ കാണുന്നത് ചന്ദ്രനാണോ? സൂര്യനല്ലേ" എന്നൊരാൾ; "നല്ലവണ്ണം സൂക്ഷിച്ചു പറഞ്ഞോ. ചന്ദ്രനല്ലേ അത്?" എന്നു മറ്റേയാൾ.

എന്തു ചെയ്യും? പെരുങ്കളം പാലയുടെ കീഴിൽനിന്നാണ് ചോദിക്കുന്നത്. നാലു ഭാഗത്തും പാടം പരന്ന ശാന്തസമുദ്രം പോലെ കിടക്കുന്നു. നമ്മുടെ ഡപ്യൂട്ടി ഇൻസ്പെക്ടറും കുടി വീട്ടിലേയ്ക്കു മടങ്ങിയിരിയ്ക്കുന്നു. ഒരു നരജീവി ആ പ്രദേശത്തൊന്നുമില്ല. കുടിയന്മാരാണെങ്കിൽ ദീർഘകായന്മാർ. വഴിപോക്കന് പെട്ടെന്ന് ഒരു യുക്തി തോന്നി. "അയ്യോ കൂട്ടരേ, ഞാനെങ്ങിനെയാണ് ഇതെല്ലാം അറിയുക? ഞാൻ ഇന്നാട്ടുകാരനല്ല; മാവിലായിക്കാരനാണ്" എന്നാണയാൾ പറഞ്ഞത്. "എന്നാൽ പോ കഴുതേ" എന്നും പറഞ്ഞ് കുടിയന്മാർ അയാളെ വിട്ടു. അതു പോലെ സഞ്ജയനും ചെയ്യും. ഏറെപ്പറഞ്ഞാൽ, ഞാൻ ഇന്നാട്ടുകാരനല്ല, മാവിലായിക്കാരനാണ്. നിങ്ങളായി, നിങ്ങളുടെ പാടായി.

9-9-1934

# 4

## ടെക്സ്റ്റ്ബുക്കുക്കമ്മിറ്റിക്കാരുടെ ശ്രദ്ധക്ക്

(കുറിപ്പ്: പതിനെട്ട് വയസ്സിന്ന് കീഴെയുള്ള വിദ്യാർത്ഥികളും വിദ്യാർത്ഥിനികളും ഇതു വായിക്കാൻ പാടുള്ളതല്ല. രക്ഷിതാക്കന്മാർ വളരെ സൂക്ഷിയ്ക്കണം. വായിച്ചു പോയാൽ പിന്നീട് ഉണ്ടായേയ്ക്കാനിടയുള്ള യാതൊരു അനിഷ്ടസംഭവങ്ങൾക്കും ലേഖകൻ ഉത്തരവാദിയായിരിയ്ക്കുന്നതല്ല. പത്രാധിപർ ഉത്തരവാദിത്തം എടുക്കുന്നുണ്ടെങ്കിൽ അത് അദ്ദേഹത്തിന്റെ ഇഷ്ടം. ഞാൻ പറയേണ്ടതു പറഞ്ഞു:– പി.എസ്സ്.)

ചെറിയ കുട്ടികൾക്കു പഠിയ്ക്കുവാൻവേണ്ടി പാഠപുസ്തകങ്ങളിൽ സാന്മാർഗ്ഗികകഥകളെഴുതുന്ന ജനദ്രോഹികളെ നിങ്ങളാരെങ്കിലും അറിയുമെങ്കിൽ അവരുടെ പേരും മേൽവിലാസവും ദയചെയ്ത് എന്നെ അറിയിച്ചുതന്നാൽ നന്നായിരുന്നു. എനിയ്ക്ക് അവരോട് ചില കാര്യങ്ങൾ 'ഓപ്പ്'നായി പറയുവാനുണ്ട്. അവർക്കതു രസിയ്ക്കുകയില്ലായിരിയ്ക്കും. വേണ്ട; മറ്റുള്ളവരുടെ രസവും രസക്കേടും നോക്കിയാൽ എങ്ങിനെയാണ്, ഹേ, പൊതുജനസേവനം നടക്കുക?

ഈ കൂട്ടർ എഴുതുന്ന കഥകളുടെ അടിയിലോ, മേലെയോ, വിഷയാനുക്രമണിയിലോ, ഫുട്ട്നോട്ടിലോ അവർ പേരുവെക്കാറില്ല. കുട്ടികളെ പേടിച്ചിട്ടാണ് അവർ ഇങ്ങിനെ ചെയ്യാത്തതെന്ന് കേചിൽ (ചിലർ) ശശിങ്കരേ (ശങ്കിയ്ക്കുന്നു); അല്ലാതെ സഞ്ജയനെപ്പോലെ, കീർത്തിയ്ക്ക് ആഗ്രഹമില്ലാത്തതുകൊണ്ടാണെന്ന് അഹം (ഞാൻ) ന മന്യേ (വിചാരിയ്ക്കുന്നില്ല).

എത്ര അത്യാപത്തിന്റെ വിത്തുകളാണ് ഈ മഹാപാപികൾ വിതച്ചിട്ടില്ലാത്തത്! ഞാൻ ആറാം ക്ലാസ്സിൽ പഠിയ്ക്കുന്ന കാലത്ത്, അന്നത്തെ പാഠപുസ്തകത്തിൽ – അന്നൊക്കെ "ഈ മാർസ്ഡൻ സായ്വവർകൾ ചമച്ച" മാക്മില്ലൻ എന്നവരുടെ ദേശഭാഷാപുസ്തകങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇന്നാണെങ്കിൽ ആകെയുള്ള കുട്ടികളെക്കാളധികം പാഠപുസ്തകാവലികളുണ്ട്. അതിരിയ്ക്കട്ടെ- അന്നത്തെ പാഠപുസ്തകത്തിൽ ജോർജ്ജ് വാഷിങ്ടൺ നേരു പറഞ്ഞ കഥയുണ്ടായിരുന്നു.

കഥ നിങ്ങളറിയുമല്ലോ. ജോർജ്ജ് വാഷിങ്ടൺ കുട്ടിയായിരുന്നപ്പോൾ അയാളുടെ (മുതിർന്നവരേയും നരിയേയും കുട്ടികളേയും കത്തിയേയും പറ്റിയുള്ള പഴഞ്ചൊല്ല് നിശ്ചയമില്ലാതിരുന്ന) അച്ഛൻ ആ മനുഷ്യന്ന് ഒരു പേനാക്കത്തി വാങ്ങിക്കൊടുത്തു. അച്ഛൻ പുറത്തുപോയ തഞ്ചം നോക്കി മകൻ അച്ഛന്റെ ഒരു ഓമനമരം (ഫേവറിറ്റ് ട്രീ) മുറിച്ചുകളഞ്ഞു. അച്ഛൻ വന്ന് "ആരാണിതു ചെയ്തു"തെന്ന് അട്ടഹസിച്ചപ്പോൾ മകൻ ഓടിച്ചെന്ന "ഞാനാണ് അച്ഛാ ചെയ്തു"തെന്ന പറഞ്ഞു. അച്ഛൻ സന്തോഷിച്ചു. തനിയ്ക്ക് ഇങ്ങിനെ നേരു പറയുന്ന ഒരു കുട്ടി ജനിച്ചതിനെപ്പറ്റി അത്ഭുതപ്പെട്ടു മകന്റെ ചെവി പിടിച്ച് ആകാശം കാണിയ്ക്കുകകൂടി ചെയ്തില്ല. പിന്നീട് ജോർജ്ജ് വാഷിങ്ടൺ അമേരിയ്ക്കയിലെ പ്രസിഡന്റായി. അങ്ങിനെയൊരു കഥ.

ഈ കഥയെക്കുറിച്ച് "നല്ല കഥ" എന്ന് നിങ്ങൾ പറയും; ഇല്ലേ? നിങ്ങൾക്ക് വിവരമില്ലാഞ്ഞിട്ടാണ് അങ്ങിനെ പറയുന്നത്. ശൃണു: എന്റെ ക്ലാസ്സിൽ ഒരു കുട്ടിയുണ്ടായിരുന്നു. ശങ്കരനെന്നോ, നാരായണനെന്നോ, വാസുദേവനെന്നോ മറ്റോ ആണ് പേര്. ഈ കഥ മാസ്റ്റർ വായിച്ച് സത്യത്തിന്റെ മാഹാത്മ്യത്തെപ്പറ്റിയും മറ്റും ബഹുകേമമായി വിവരിച്ചു. രാമനോ, കൃഷ്ണനോ, അച്യുതനോ, ഗോവിന്ദനോ ആയ നമ്മുടെ കഥാനായകൻ ഇതൊക്കെ കേട്ടു വിശ്വസിച്ചു; പലതും മനസ്സിലാക്കി; ചിലത് ഉറപ്പിച്ചു വീട്ടിലേയ്ക്ക് ഓടി.

സത്യം പറയുന്നതിൽ ഒരു പേരെടുക്കണമെന്ന് ആ കരുണാകരനോ, ഗോപാലനോ, മാധവനോ, ദാമോദരനോ തീർച്ചപ്പെടുത്തി. ആ വിദ്വാന്റെ അച്ഛൻ അന്ന വൈകുന്നേരം നഗരം സന്ദർശിയ്ക്കുവാൻ തീർച്ചപ്പെടുത്തിയിരുന്ന സംസ്ഥാനഗവർണ്ണർക്കു സമർപ്പിയ്ക്കുവാൻ വേണ്ടി ചങ്ങലംപരണ്ട നിവാസികളുടെ വകയായി, പട്ടിൽ അച്ചടിപ്പിച്ച അതിഭംഗിയുള്ള ഒരു മംഗളപത്രം കണ്ണാടിക്കൂട്ടിലാക്കി അളമാരിയിൽ വെച്ചു പൂട്ടിയിട്ടുണ്ടായിരുന്നു. നമ്മുടെ ചന്തുവോ, ചാത്തുവോ, കോമനോ, കോമപ്പനോ എങ്ങിനെയോ ആ അളമാരി തുറന്ന് പ്രസ്തുതമംഗളപത്രമെടുത്ത് ഇരുമ്പുലക്കകൊണ്ട് തച്ചുടച്ചു, വലിച്ചുചീന്തി, അടുപ്പിലിട്ടു കരിച്ചുപുകച്ചു സത്യം പറയുവാൻ വേണ്ടി അച്ഛൻ വരുന്നതും കാത്തുനിന്നു.

മൂന്നുമണിയ്ക്ക് അച്ഛൻ കോടതിയിൽനിന്നെത്തി. അഞ്ചുമണിയ്ക്കാണ് ഗവർണ്ണരുടെ ദർബാർ. അദ്ദേഹം ചായ കുടിച്ചു. ഉടുപ്പു മാറ്റി. കണ്ണാടിനോക്കി ടൈ നേരെയാക്കി. വണ്ടി വന്നുനിന്നു. മംഗളപത്രം എടുപ്പാൻ വേണ്ടി അളമാരി തുറന്നു. കണ്ടില്ല. തിരയലായി. നിയമപുസ്തകങ്ങൾ മുഴുവൻ വലിച്ചു താഴെയിടുകയായി. പലതും അട്ടിമറിഞ്ഞു. പലതും പൊളിഞ്ഞു ഛിന്നഭിന്നമായി. ഓട്ടവും ചാട്ടവുമായി. നിലവിളിയും ശകാരവുമായി. വീടു മുഴുവൻ ഭൂകമ്പമായി. വക്കീലിന്ന് — അദ്ദേഹം ചങ്ങലംപരണ്ടയോടു തൊട്ടു കിടക്കുന്ന ഉഴലൂർ മുനിസിപ്പാലിറ്റിയിലെ ചേർമ്മാനായിരുന്നു — അദ്ദേഹത്തിന്നു തനി ഭ്രാന്തായി.

ഈ ഘട്ടത്തിലാണ് നമ്മുടെ ജനാർദ്ദനനോ, ഗോപിനാഥനോ, കോന്തുവോ, കോവുണ്ണിയോ, ജോർജ്ജ് വാഷിങ്ടണെപ്പോലെ ഒരു പച്ചച്ചിരിയും ചിരിച്ചു കൊണ്ട് അച്ഛന്റെ മുൻപാകെ ഹാജരായത്. മകന്റെ അവസരരഹിതമായ ചിരി അച്ഛന്ന് തീരെ പിടിച്ചില്ല. "നീ എന്താ കഴുതേ, ഇളിയ്ക്കുന്നതു? ആ മംഗളപത്രമെവിടെപ്പോയി? നീ കണ്ടുവോ?" എന്ന് ചേർമ്മാൻ അലറി.

ജോർജ്ജ് വാഷിങ്ടനെ ധ്യാനിച്ച് കൊണ്ട് ഗംഗാധരനോ, കോരുവോ, കോരപ്പനോ, ദിവാകരനോ ഇങ്ങിനെ പറഞ്ഞു: "അച്ഛാ, എനിയ്ക്ക് കളവുപറയാൻ കഴിയുകയില്ല. വലിയമ്മ വെറ്റിലയിടിയ്ക്കുന്ന ഇരുമ്പുലക്കകൊണ്ട് ഞാനാണച്ഛാ, ആ മംഗളപത്രം ഉടച്ച്, അച്ഛന്ന് ചായയുണ്ടാക്കുവാൻ വേണ്ടി ജ്വലിപ്പിച്ച തീയിലിട്ടു കരിച്ചത്!"

അച്ഛന്ന് ആദ്യം കാര്യം മനസ്സിലായില്ല. തന്റെ മകന് ഭ്രാന്തായിപ്പോയെന്നാണ് ആ ശുദ്ധൻ വിചാരിച്ചത്. പിന്നീട് പൊട്ടിയ ചില്ലും കരിഞ്ഞ മംഗളപത്രത്തിന്റെ അവശിഷ്ടങ്ങളും കണ്ടപ്പോൾ എല്ലാം മനസ്സിലായി. മഹാകവി ഉള്ളൂർ പറഞ്ഞതു പോലെ "ശേഷമുൾബ്ബലമുണ്ടെങ്കിൽ നിനച്ചുകൊള്ളുവിൻ!"

കേളുവിന്നോ, കുഞ്ഞപ്പക്കോ, കുമാരന്നോ, സുകുമാരന്നോ അന്നു കൊണ്ട അടിക്ക് കയ്യോ, കണക്കോ, അതിരോ, അളവോ, സീമയോ, പരിധിയോ ഉണ്ടായിരുന്നില്ല. കയ്യിൽ കിട്ടിയ സകലസാധനങ്ങൾ കൊണ്ടും ആ സത്യവാന്ന് അടി പാസ്സായി. ഒടുക്കം രത്തൻ ലാലിന്റെ വലിയ വ്യാഖ്യാനത്തോടു കൂടിയ "ഇന്ത്യൻ പീനൽകോഡ്" കൊണ്ട് തലയ്ക്ക് ഒരു ഏറും കിട്ടി. അയൽവക്കക്കാരും, എന്റെ കാരണവരായിരുന്ന മരിച്ച ചാപ്പ്മാനും, കളരിയിലെ ഉണ്ണിക്കുറുപ്പും കൂടിയാണ് ഒടുക്കം ചേർമ്മാനെ പിടിച്ചു നിർത്തിയത്.

അതൊക്കെ സഹിയ്ക്കാം. കഥാനായകനായ കണ്ണനോ, കണ്ടുണ്ണിയോ, കുഞ്ഞുണ്ണിയോ, രാവുണ്ണിയോ പിന്നീട് ലെജിസ്ലേറ്റീവ് അസംബ്ലി പ്രസിഡന്റായോ? ചങ്ങലംപരണ്ട അംശം അധികാരിയായോ? മാന്യസഹോദരരേ, ഇല്ല. ആ വിദ്വാൻ ഇപ്പോൾ പതിമ്മൂന്നര ഉറുപ്പിക ശമ്പളത്തിന്മേൽ ഒരു മാന്യനും പോർട്ടരുമായി ദിനവൃത്തി കഴിയ്ക്കുകയാണ്.

ആ മനുഷ്യൻ അന്നു വലവെച്ചുപിടിച്ച അടി പരേതനായ കുറുപ്പുമാസ്റ്ററുടെ കീഴിൽ പത്തു കൊല്ലം പഠിച്ച ആൾക്കു കിട്ടിയ അടിയുടെ ആകെത്തുകയെടുത്താൽകൂടി, അതിലുമധികം ഉണ്ടായിരിയ്ക്കും. ക്ലാസ്സിൽ ബാക്കിയുണ്ടായിരുന്ന ഞങ്ങൾ ഇന്നും, മഹാത്മജിയെപ്പോലെയോ ഹരിശ്ചന്ദ്രനെപ്പോലെയോ വലിയ സത്യവാന്മാരൊന്നുമല്ലെങ്കിലും ഒരു വിധം പത്തിനെട്ടായി സത്യം പറഞ്ഞു കഴിച്ചുകൂട്ടിപ്പോരുന്നു. പക്ഷേ പ്രസ്തുത അപ്പുവോ, ശ്രീധരനോ, കേശവനോ, കങ്കനോ പിന്നീട് ഇതുവരെ ഒരൊറ്റ നേര് പറഞ്ഞിട്ടില്ല. ആ വിദ്വാന്ന് മതിയായിപ്പോയിപോലും. ഇത്രയധികം അടികൊണ്ടിട്ട് അമേരിയ്ക്കയിലെ പ്രസിഡണ്ടാവാത്തതാണ് ഭേദമെന്ന് അയാൾ പറയുന്നു.

ഇത് നിങ്ങളുടെ സാന്മാർഗ്ഗികപാഠങ്ങൾ ചെയ്യുന്ന തകരാറാണ്. "ധൈര്യശാലിയായ നാവികബാലന്റെ" കഥ വായിച്ച ഒരു മനുഷ്യൻ അച്ഛന്റെ കല്പന കിട്ടാതെ മോട്ടോർ കാർ വരുമ്പോൾ നടുനിരത്തിൽ നിന്ന് തെറ്റുകയില്ലെന്ന് വിചാരിച്ചു നിന്നതിനാൽ ആ ധൈര്യശാലിയുടെ കാലുകൾ രണ്ടും അരഞ്ഞു ചമ്മന്തിപ്രായമായിപ്പോയി. "ഗ്രാമത്തിലെ ചിറ സംരക്ഷിച്ച ബാല"ന്റെ കീർത്തി കയ്ക്കലാക്കേണമെന്ന് കരുതിയ മറ്റൊരു ത്യാഗി ഇടവഴിയുടെ വക്കിലുള്ള ഞെണ്ടിന്മാളത്തെ അടച്ചുകൊണ്ട് ഇരുന്നതിനാലുണ്ടായ അപകടം ഞാൻ രേഖപ്പെടുത്തുന്നില്ല.

ഇങ്ങിനെയുള്ള ഓരോ കഥകൾ പഠിപ്പിച്ച് നിങ്ങളെന്തിനാണ് കുട്ടികളെ ദ്രോഹിയ്ക്കുന്നത്.

തീപ്പിടിച്ച കപ്പലിൽനിന്നു കൊണ്ട് "അച്ഛാ, ഞാനെനിയും ഇവിടെത്തന്നെ നിൽക്കേണമോ?" എന്നു ചോദിച്ച ആ വങ്കശിരോമണിയായ നാവികബാലനെപ്പോലെയുള്ള ഒരു മകൻ ആർക്കും ജനിയ്ക്കരുതേ! എന്നാണ് എന്റെ പ്രാർത്ഥന. ഇതു കേൾക്കുമ്പോൾ ചില സാന്മാർഗ്ഗികകഥാകർത്താക്കൾ എന്റെ നേരെ വാളെടുക്കുമായിരിയ്ക്കും. എന്നാലെന്താണ്? മറ്റുള്ളവരുടെ ഹിതം നോക്കീട്ടാണ് എഴുതുന്നതെങ്കിൽ സഞ്ജയൻ ഇതിന്ന് എത്രയോ മുൻപ് "കവിത കലാശിച്ച് കാശിയ്ക്കു" പോയിട്ടുണ്ടായിരിയ്ക്കും; ഇല്ലെങ്കിൽ രാമേശ്വരത്തേയ്ക്കെങ്കിലും പോയിട്ടുണ്ടായിരിയ്ക്കും. തഥാസ്തു.

6-2-'35

# 5

## ബി.എം. കോളേജിന്റെ ഉത്ഭവം

സഞ്ജയൻ ഇതുവരെ വിചാരിച്ചിരുന്നത് ഭാര്യയാകുവാൻ യാതൊരു പഠിപ്പും പാസ്സും ആവശ്യമില്ലെന്നായിരുന്നു വേണം പോലും. ജപ്പാനിൽ സ്ത്രീകളെ ഭാര്യമാരാകുവാൻ പഠിപ്പിയ്ക്കേണ്ടതിന് ഒരു വലിയ കോളേജ് തന്നെ സ്ഥാപിയ്ക്കപ്പെട്ടിട്ടുണ്ടെന്ന് പത്രികയുടെ കഴിഞ്ഞ ലക്കത്തിൽ വായിച്ചപ്പോളാണ് സഞ്ജയന്റെ കണ്ണ് തുറന്നു പോയത്. അവിടെ വെച്ചു കൊടുക്കപ്പെടുന്ന ഡിഗ്രി എന്താണെന്നു കടലാസ്സിൽ കണ്ടില്ല. ബി.എം (ബേച്ചിലർ ഓഫ് മാട്രിമണി) എന്നായിരിയ്ക്കണമെന്നു തോന്നുന്നു. അതിന്റെ മീതെ എം.എം, ഡി.എം. എന്നീ പരീക്ഷകളും ബിരുദങ്ങളും കൂടിയുണ്ടായിരിയ്ക്കണം.

സഞ്ജയന്ന് ഇതിനെക്കുറിച്ച് അസൂയയോ, വിസ്സമ്മതമോ ഉണ്ടെന്നു കരുതി സഞ്ജയന്റെ മാന്യസഹോദരിമാർ നെറ്റി ചുളിയ്ക്കരുത്. സഞ്ജയന്ന് ഇക്കാര്യത്തിൽ വളരെ സന്തോഷവും, അഭിനന്ദനവും, കൃതാർത്ഥതയുമാണുള്ളത്. എന്നു മാത്രമല്ല, അത്തരം കോളേജുകൾ നമ്മുടെ നാട്ടിലും സ്ഥാപിയ്ക്കപ്പെട്ടു കാണുവാൻ സഞ്ജയൻ ആഗ്രഹിയ്ക്കുകയും, പ്രാർത്ഥിയ്ക്കുകയും, നേർച്ചകൾ കൂട്ടുകയും ചെയ്യുന്നുണ്ട്. പക്ഷെ ഇതു കൊണ്ട് മതിയാക്കാമോ? എന്നാണ് ഞാൻ ചോദിയ്ക്കുന്നത്. സ്ത്രീകൾക്കു ഭാര്യമാരാകുവാനും, അമ്മമാരാകുവാനും, കുടുംബിനികളാകുവാനും, മുത്തശ്ശികളാകുവാനും പഠിപ്പും പാസ്സും ആവശ്യമാണെങ്കിൽ, പുരുഷന്മാർക്കു ഭർത്താക്കന്മാരാകുവാനും, അച്ഛന്മാരാകുവാനും, ഗൃഹസ്ഥന്മാരാകുവാനും, മുത്തച്ഛന്മാരാകുവാനും പഠിപ്പും പാസ്സും വേണ്ടേ? ഉദാഹരണമായി, ഡി.എം. (ഡോക്ടർ ഓഫ് മാട്രിമണി) ഡിഗ്രിയെടുത്ത ഒരു പികവാണിയെ, അവളുടെ ശാസ്ത്രീയവിജ്ഞാനത്തിന്റെ ഒരു കണികപോലുമില്ലാത്ത, സഞ്ജയനെപ്പോലെയുള്ള വെറും ഒരു പുരുഷൻ വിവാഹം ചെയ്യേണ്ടിവരികയാണെങ്കിൽ, പിന്നീടുണ്ടാകുവാൻ ഇടയുള്ള അനിഷ്ടഫലങ്ങളെക്കുറിച്ചാലോചിയ്ക്കുമ്പോൾ സഞ്ജയൻ നടുങ്ങിപ്പോകുന്നു.

ജപ്പാനിലുള്ളതു പോലെയുള്ള കോളേജുകൾ ഇന്ത്യയിൽ സ്ഥാപിയ്ക്കപ്പെടുവാൻ ഇനി അധികം കാലതാമസം വേണ്ടിവരുമെന്നു തോന്നുന്നില്ല. അപ്പോഴേയ്ക്കും ഇക്കാര്യത്തിൽ

നമ്മുടെ ചെറുപ്പക്കാർ എന്തു ചെയ്യുവാനാലോചിയ്ക്കുന്നു? എന്നാണ് സഞ്ജയന്റെ പ്രശ്നം. അവർ തങ്ങളുടെ ഭാര്യമാരുടെ പരിഹാസപാത്രങ്ങളായി, യാതൊരു വിവരവും വിജ്ഞാനവുമില്ലാതെ, തങ്ങളുടെ ഗാർഹസ്ഥ്യജീവിതം കണ്ണീരും കയ്യുമായി കഴിയ്ക്കുവാനാണോ തീർച്ചപ്പെടുത്തിയിരിയ്ക്കുന്നത്; സഹോദരരേ, പുരുഷവിദ്യാഭ്യാസത്തിന്റെ മാഹാത്മ്യം നിങ്ങൾ അറിയാതിരിയ്ക്കുന്നത് എത്രയും ശോചനീയവും, പരിതാപകരവും – ഒരു വാക്കു കൂടി ഉണ്ടായിരുന്നല്ലോ; ആലോചിച്ചിട്ടു കിട്ടുന്നില്ല- പരിതാപകരവും മറ്റുമാണെന്ന് ഇതാ നിങ്ങളെ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

ചങ്ങലംപരണ്ടയെസ്സംബന്ധിച്ചിടത്തോളം അവിടെ എന്താണ് ചെയ്യേണ്ടതെന്നു സഞ്ജയൻ തീർച്ചപ്പെടുത്തിക്കഴിഞ്ഞു. പുരുഷന്മാരെ വൈവാഹികജീവിതക്രമം അഭ്യസിപ്പിയ്ക്കുവാനായി ഒരു കോളേജ് സഞ്ജയൻ തുറക്കുവാൻ ഒരുങ്ങിയിരിയ്ക്കുന്നു. പഠിപ്പ് ഒരു കൊല്ലമേ ഉണ്ടായിരിയ്ക്കുകയുള്ളൂ. പതിനെട്ടു വയസ്സു മുതൽ നാല്പതു വയസ്സുവരെയുള്ള എല്ലാ അവിവാഹിതപുരുഷന്മാർക്കും ഈ കോളേജിൽ അഡ്മിഷൻ കൊടുക്കുന്നതാണ്. ഫീസ്സ്, വിവാഹം കഴിഞ്ഞതിന്നു ശേഷം, ഭാര്യയോടന്വേഷിച്ചു തന്നാൽ മതി.

ഈ കോളേജിൽ ആദ്യത്തെ മൂന്നുമാസം പഠിപ്പിയ്ക്കുന്ന വിഷയം അനുസരണമായിരിയ്ക്കും. സ്ത്രീവേഷം കെട്ടിയ ഒരു വിദ്യാർത്ഥി ഭാര്യാപദത്തിലിരുന്ന്, “ഇന്നു പോകാൻ പാടില്ല”; “ഉദ്യോഗം ഇന്ന ആൾക്കു കൊടുക്കണം”; “ഈ സാരിയുടെ നിറം എനിയ്ക്കു പിടിച്ചില്ല; ഇതു ഷാപ്പുകാരനു തിരിച്ചു കൊടുക്കണം”; ഇന്നു രാത്രി സിനിമയ്ക്കു പോകണം”; “ന്യൂസ്പേപ്പർ ഇന്നു വായിയ്ക്കേണ്ട”; “റിക്കോട്ടു നോക്കിയതു മതി”; “ആ ശിപായിയെ ഡിസ്മിസ് ചെയ്യണം”; “മോട്ടോർ കാർ വാങ്ങണം” എന്നൊക്കെ ആജ്ഞാപിയ്ക്കും. മാതൃകാഭർത്താക്കന്മാരായിത്തീരുവാൻ ഉദ്ദേശിയ്ക്കുന്ന വിദ്യാർത്ഥികൾ “തങ്കം. ഞാനിതാ പുറപ്പെടുകയായി”; “സംശയമുണ്ടോ ജാനൂ?”; “ഞാൻ എവിടെയും പോകാൻ വിചാരിച്ചിട്ടേയില്ല”; “നാളെ പത്തുമണിമുതൽ ആ കഴുത എന്റെ ശിപായിയല്ല”;

> “വധ്യനേ നൂനമവധ്യനാക്കീടുവൻ
> വധ്യനാക്കീടാമവധ്യനെ വേണ്ടുകിൽ:
> അംഗനാരത്നമേ, ചെയ്‌വൻ തവ ഹിത-
> മിങ്ങിനെ ഖേദിപ്പിയ്ക്കായ്ക മാം വല്ലഭേ!”

എന്നൊക്കെ സന്ദർഭോചിതമായി മറുപടി പറയാൻ ആദ്യമായി അഭ്യസിയ്ക്കണം. മറുപടി പറയുമ്പോൾ പ്രസന്നമുഖത്തോടു കൂടിയിരിയ്ക്കണം; ഇല്ലെങ്കിൽ തകരാറുണ്ട്. “ഇങ്ങിനെ വെറുമുഖത്തോടു കൂടി എന്തിനാണ് ഒരു കാര്യം പറയുന്നത്? നല്ല സമ്മതമുണ്ടെങ്കിൽ മതി. മുഖം കണ്ടാൽ ഉങ്ങിമരിയ്ക്കാനോ മറ്റോ ആണ് ഞാൻ പറഞ്ഞതെന്നു തോന്നും.” എന്നൊയ്ക്കെ ആവലാതികൾ ഉണ്ടായേയ്ക്കാം. അവയ്ക്കു ഇടം കൊടുക്കുന്നതു സഞ്ജയന്റെ കോളേജിൽ നിന്നു ഡിഗ്രിയെടുത്ത ഒരു വിദ്യാർത്ഥിയ്ക്ക് വളരെ അപമാനകരമായിരിയ്ക്കും. ആ വിദ്വാന്റെ ഡിഗ്രി തന്നെ സഞ്ജയൻ കാൻസൽ ചെയ്യും.

അനുസരണത്തിൽ കൂടെ അഭ്യസിക്കേണ്ടുന്ന ഒരു വിഷയം ക്ഷമയാണ്. "ക്ഷമാ ബലമശക്താനാം" എന്നു കരുതുന്നതു ഒരു പുരുഷന്റെ നിലയിൽ വിദ്യാർത്ഥിയുടെ ഡിഗ്നിറ്റിയ്ക്കും, അന്തസ്സിന്നും, പൗരുഷത്തിന്നും പോരാത്തതാണെന്നുവിചാരിയ്ക്കുന്നവരുണ്ടെങ്കിൽ, അവർ "ശക്താനാം ഭൂഷണം ക്ഷമാ" എന്നു കരുതി ആശ്വസിച്ചാൽ മതി. ഏതു നിലയിലും അതു കൂടാതെ കഴിയുകയുമില്ല. ഭാര്യ എന്തു ചെയ്താലും വിസ്സമ്മതം ഭാവിക്കരുത്, എന്തു പറഞ്ഞാലും എതിർത്തു പറയരുത്. ചിലപ്പോൾ വൈകുന്നേരം പ്രവൃത്തിസ്ഥലത്ത് നിന്നു തിരിച്ച വീട്ടിലെത്തുമ്പോഴേയ്ക്കും നിങ്ങളുടെ മുറി നിങ്ങൾക്കു തന്നെ കണ്ടാൽ മനസ്സിലാവാത്തവിധത്തിൽ ശ്രീമതി വൃത്തിയാക്കിവെച്ചിട്ടുണ്ടായിരിയ്ക്കും: കസാലകൾ അവയിലിരുന്നു വായിയ്ക്കുവാനോ എഴുതുവാനോ സൗകര്യമില്ലാത്തവിധത്തിൽ അതിഭംഗിയായി നിരത്തിവെച്ചുകാണാം; നിങ്ങളുടെ കടലാസ്സുകളും, എഴുത്തുകളും, റിക്കാർട്ടുകളും, പുസ്തകങ്ങളുമൊക്കെ, കണ്ടാലുള്ള ഭംഗിയെമാത്രം ആസ്പദിച്ച്, കൂട്ടിക്കലർത്തി, അട്ടിമറിച്ച്, സ്ഥാനം തെറ്റിച്ച്, സ്ഥലം മാറ്റി, വൃത്തിയാക്കിയതുകാണാം; അല്ലെങ്കിൽ നിങ്ങളുടെ ഫ്ലാനൽ കോട്ടോ, ഖദർ വേഷ്ടിയോ, ഒരു ഡസൻ പളുങ്കു പാത്രങ്ങൾക്കു പകരമായികൊടുത്ത്, ആദായമുള്ള ഒരു കച്ചവടം ചെയ്തിട്ടുണ്ടായിരിയ്ക്കും. ക്ഷോഭിയ്ക്കരുത്. കണ്ണിന്റെ പുരികമൊന്നു ചുളിച്ചാൽ കാര്യം അബദ്ധമായി. ഒരു മന്ദസ്മിതത്തോടുകൂടി നാലുപുറവും നോക്കി, അദ്ഭുതസ്വരത്തിൽ "അസ്സലായിട്ടുണ്ട്, കമലം! നീ തനിച്ചാണോ ഇതൊക്കെ ചെയ്തത്?" എന്നോ, "നീ ആ കച്ചവടക്കാരനെ തോല്പിച്ചു! ആ പഴയ 'ദുറാവാ'യ കോട്ടിന്നു പകരം ഈ നല്ല സാധനങ്ങൾ കിട്ടുമെന്നു ഞാൻ വിചാരിച്ചിട്ടില്ല" എന്നോ യുക്തം പോലെ,

"തൻപ്രജ്ഞതൻ സ്ഥിരതയാലൊരു ഭാവഭേദം സംപ്രസ്ഫുരദ്വദനതാരിലിയന്നിടാതേ" പറയണം.

ഇതൊക്കെ പഠിയ്ക്കുവാനും ഇവയിലുള്ള പരീക്ഷകൾ പാസ്സാകുവാനും എളുപ്പമാണെന്നു വിചാരിയ്ക്കുന്നവരുണ്ടായേയ്ക്കാം. പക്ഷെ ഇതിലെല്ലാറ്റിലും കവിഞ്ഞ ഒരു പരിശീലനമുണ്ട്. അതു കുട്ടിയെ എടുത്തു നടക്കുവാൻ ശീലിയ്ക്കലാണ്. ഇതിന്നായി ഏകദേശം ആറുമാസം പ്രായം ചെന്ന ഒരു കുട്ടിയുടെ വലിപ്പത്തിൽ ഈയക്കട്ടികൊണ്ട് ഒരു പ്രതിമയുണ്ടാക്കി, അതിന്റെ തലയ്ക്കു പന്ത്രണ്ടു മണിക്കൂർ നിൽക്കാതെ ശബ്ദമുണ്ടാക്കുന്ന ഒരലാറം വെച്ചുപിടിപ്പിച്ചു സന്ധ്യയ്ക്കു ഓരോ വിദ്യാർത്ഥിയുടെയും കയ്യിൽകൊടുക്കും. അതിനെ എടുത്തു, താഴെ വെയ്ക്കാതെ, ശ്രീമതിയുടെ മുഖത്തു നോക്കുകപോലും ചെയ്യാതെ, പുലരുന്നതുവരെ ക്ലാസുമുറിയിൽ അങ്ങോട്ടുമിങ്ങോട്ടും "ഓമനത്തിങ്കൽക്കിടാവോ" എന്ന അറിയും പോലെ പാടിക്കൊണ്ട് പത്തുരാത്രി നടക്കുവാൻ പഠിയ്ക്കണം. ഇത്രയുമായാൽ സഞ്ജയന്റെ കോളേജിലെ വിദ്യാർത്ഥി "ബി. എം" ബിരുദത്തിന്ന് അർഹനായി. ഇതിന്റെ മേലെയുള്ള ബിരുദങ്ങൾക്ക് അപ്പുറത്തുള്ള അഭ്യാസങ്ങളുമുണ്ട്.

"ബി. എം" ഡിഗ്രി പരീക്ഷയ്ക്കുള്ള ഒരു ചോദ്യക്കടലാസ്സ് താഴെ ചേർക്കുന്നു:-

1. നിങ്ങളുടെ ഭാര്യയ്ക്കു തലവേദനയാണെന്നു നിങ്ങളോടു പറഞ്ഞാൽ, പറയേണ്ടുന്ന സാന്ത്വനങ്ങളുടെയും , ചെയ്യേണ്ടുന്ന പ്രതിവിധികളുടെയും ഒരു ലിസ്റ്റ് തയ്യാറാക്കുക.

2. കാപ്പിയോ ചായയോ അറുവഷളാണെന്നു നിങ്ങൾക്കു അഭിപ്രായമുണ്ടെങ്കിൽ അതു പുറത്തു കാണിയ്ക്കാതിരിക്കുവാൻ ഏതുതരം മുഖഭാവമാണ് നിങ്ങൾ സ്വീകരിയ്ക്കുക?? (പടം വരഞ്ഞുകാണിയ്ക്കണം)
3. കുട്ടികൾക്ക് ആദ്യത്തെ കൊല്ലം ഉണ്ടാകുവാനിടയുള്ള സുഖക്കേടുകൾ ഏതെല്ലാം? ഇവയിൽ അമ്മമാരുടെ സൂക്ഷ്മതക്കുറവുകൊണ്ടുണ്ടാവുന്ന സുഖക്കേടുകൾ അങ്ങിനെ ഉണ്ടായതല്ലെന്നു ഡോക്ടർമാരുടെ മുൻപാകെ തെളിയിപ്പാൻ നിങ്ങൾ എന്തു ന്യായങ്ങൾ പറയും?
4. ബ്ലൗസും ജാക്കറ്റും തമ്മിലുള്ള വ്യത്യാസമെന്ത്?
5. സാരി, ദാവണി, ഇവയുടെ നീളം, വീതി – ഇവയെഴുതുക.
6. ഹേറോയിൽ എത്രതരം? ഏതെങ്കിലും മൂന്നെണ്ണത്തിന്റെ നിറം, പരസ്യങ്ങളിൽ പറയപ്പെട്ടിട്ടുള്ള ഗുണഗണങ്ങൾ, വില ഇവയെ വർണ്ണിക്കുക.
7. കുട്ടികളെ ഉറക്കുവാനുള്ള താരാട്ടുകളോ, പാട്ടുകളോ അരഡസൻ കാണാതെ എഴുതുക.
8. പന്ത്രണ്ടുതരം ബ്രൂച്ചുകൾ വരഞ്ഞു കാണിയ്ക്കുക.
9. മദിരാശിയിൽ സ്വർണ്ണാഭരണങ്ങൾ ഉണ്ടാക്കിവിൽക്കുന്ന നാലു കമ്പനികളുടെ പേരെഴുതുക.
10. ഭാര്യയുടെ അമ്മയെ പ്രസാദിപ്പിയ്ക്കുവാൻ ഉതകുന്ന പത്തു മാർഗ്ഗങ്ങൾ നിർദ്ദേശിയ്ക്കുക.
11. "രണ്ടു കളത്രത്തെയുണ്ടാക്കിവെയ്ക്കുന്ന തണ്ടുതപ്പിയ്ക്കു സുഖമില്ലൊരിയ്ക്കലും" എന്തുകൊണ്ട്?
12. "പാതിയും മനുഷ്യന്നു ഭാര്യയെന്നറിഞ്ഞാലും<br>മേദിനീപതേ, ഭാര്യ വലിയ സഖിയല്ലോ!"<br>ഇങ്ങിനെയല്ലാത്ത ചില ഘട്ടങ്ങളും, അവയുടെ നിവാരണമാർഗ്ഗങ്ങളും വിവരിയ്ക്കുക.
13. വീട്ടിൽ താമസിച്ചെത്തുന്നതിന്ന് ഒഴികഴിവായി ഏതവസരത്തിലും ഉപയോഗിപ്പാൻ കൊള്ളുന്ന പന്ത്രണ്ടു പച്ചക്കളവുകൾ സൃഷ്ടിയ്ക്കുക. (സമയം ആറു മിനിട്ട്)
14. "ഓമനേ"!" എന്നുള്ള സംബോധനയ്ക്കു ഇരുപത്തിനാലു പര്യായഭേദങ്ങൾ എഴുതുക.

എനിയും ചോദ്യങ്ങൾ വളരെയുണ്ട്. സ്ഥലച്ചുരുക്കം കൊണ്ട് മാതൃക കാണിയ്ക്കുവാൻ വേണ്ടി മാത്രം ഏതാനും ചൊദ്യങ്ങൾ ഇവിടെ ചേർത്തതാണ്. പൊതുജനങ്ങളുടെ സഹായസഹകരണങ്ങളുണ്ടെങ്കിൽ അടുത്ത ജൂൺമാസത്തിൽത്തന്നെ ചങ്ങലംപരണ്ടയിലെ അംശക്കച്ചേരിയ്ക്കു സമീപം പ്രസ്തുത കോളേജ് തുറക്കണമെന്നാണ് സഞ്ജയൻ ആലോചിയ്ക്കുന്നത്. വിവാഹിതന്മാരായവരെ (വിവരം അവരുടെ ഭാര്യമാർ അറിയുകയില്ലെന്ന് ഉറപ്പും, ജാമ്യവും തരുന്ന പക്ഷം) ഇരട്ടി ഫീസിന്മേൽ, സ്വകാര്യമായി ക്ലാസിൽ ചേരാതെ പഠിച്ചു പരീക്ഷയ്ക്കിരിക്കുവാൻ അനുവദിയ്ക്കുന്നതാണ്. പക്ഷെ അതു കൊണ്ടുണ്ടായേയ്ക്കാവുന്ന യാതൊരു സംഭവങ്ങൾക്കും പ്രിൻസിപ്പാൾ ഉത്തരവാദിയായിരിയ്ക്കുന്നതല്ല.

[ഞങ്ങളും ഉത്തരവാദികളായിരിയ്ക്കുന്നതല്ല – പത്രാധിപർ]

# 6

## ഭർത്തൃസ്ഥാനാർത്ഥികൾ

അകത്തിരിയ്ക്കും വനിതയ്ക്ക് ഒരു വിളിതോന്നി. അവൾ പുറത്തേയ്ക്കിറങ്ങി. ജനനനിയന്ത്രണത്തിന്റെ അത്യാവശ്യകതയെപ്പറ്റി അവൾ പ്രസംഗിച്ചു; സ്ത്രീകൾക്ക് എല്ലാകാലത്തും, എല്ലായിടത്തും, എല്ലാ സംഗതികളിലും പുരുഷന്മാരെപ്പോലെ പോരാ, അവർക്കുള്ളതിനേക്കാൾ കുറച്ചധികംതന്നെ സ്വാതന്ത്ര്യം വേണമെന്ന് അവൾ പ്രഖ്യാപനം ചെയ്തു. ജനനനിയന്ത്രണത്തെ പ്രായോഗികമാക്കുവാൻ, സ്ത്രീസ്വാതന്ത്ര്യേച്ഛയെ സഫലീകരിപ്പാൻ, അവൾ പല പല നൂതനമാർഗ്ഗങ്ങളെപ്പറ്റിയും ഗവേഷണങ്ങൾ നടത്തി. അവയെ അതാതു സമയത്തു ജനങ്ങൾക്കു സമ്മാനിച്ചു. കാലമങ്ങിനെ കഴിഞ്ഞു.

അവളുടെ പേരിവിടെ പറയുന്നത് പന്തിയല്ല. കാരണം ആ പേരുള്ള വേറെ സ്ത്രീകൾ അതേ അഭിപ്രായക്കാരികളാണെങ്കിൽ, അവരെ ഉദ്ദേശിച്ചാണ് ഞാനെഴുതുന്നതെന്നു കരുതി എന്റെ നേരെ അവർ കലശലായി മുഷിയും; ഭിന്നാഭിപ്രായക്കാരികളാണെങ്കിൽ, തങ്ങളുടെ പേരിനോട്, ആ അഭിപ്രായത്തെ തുന്നിപ്പിടിപ്പിച്ചതിനു അതിലും കലശലായി മുഷിയും. അതുകൊണ്ട് ഞാൻ അവളെ 'സൗഭാഗ്യവതി'യെന്നു മാത്രം വിളിയ്ക്കാം. ആ പേർ സാർത്ഥകവുമാണ്; അവളൊരു സൗഭാഗ്യവതി തന്നെയാണ്.

അവളുടെ പ്രസംഗങ്ങൾ കേൾപ്പാൻ ആളുകൾ നാനാഭാഗത്തു നിന്നും ആയിരക്കണക്കായി എത്തിച്ചേർന്നു എന്നു പറയുന്നത് സ്വന്തം റിപ്പോർട്ടരുടെ അതിശയോക്തിയല്ല. വെറും പച്ചപ്പരമാർത്ഥമാണ്.

"കാവ്യം സുഗേയം; കഥ രാഘവീയം;
കർത്താവ് തുഞ്ചത്തുളവായ ദിവ്യൻ;
ചൊല്ലുന്നതോ ഭക്തിമയസ്വരത്തി-
ലാനന്ദലബ്ധിയ്ക്കിനിയെന്തു വേണം?"

എന്നു മഹാകവി വള്ളത്തോൾ ചോദിച്ചതു പോലെ,

> സബ്ജക്റ്റു 'കൺട്രോൾ'; പറയുന്നതോ സ്ത്രീ;
> ശബ്ദം സുവീണാക്വണനോപമം താൻ;
> വയസ്സു പത്തൊമ്പതിനിപ്പുറത്താ;-
> ണാൾത്തിക്കു കൂടാനിനിയെന്തു വേണം?

എന്നു ഞാനും ചോദിക്കാം.

സൗഭാഗ്യവതിയുടെ പ്രസംഗം കേൾപ്പാൻ തിക്കിത്തിരക്കിക്കൂടിയ ജനാവലിയുടെ ഒരു വലിയ ശതമാനം ആനന്ദപാരവശ്യം കൊണ്ട് മതിമറന്ന പുരുഷന്മാരും; ബാക്കി അസൂയ കൊണ്ട് കണ്ണുകടി തുടങ്ങിയ മഹിളകളുമായിരുന്നുവെന്ന് ഞാനിനി എടുത്തുപറയേണ്ടതില്ലല്ലോ..

അങ്ങിനെയിരിക്കെ, ഒരു ദിവസം, ഒരു പ്രസംഗവേളയിൽ, സൗഭാഗ്യവതി ഇങ്ങിനെ പറഞ്ഞു:– "സ്ത്രീകളോട് സമ്മതം ചോദിയ്ക്കാതെ, അവരുടെ രുചിയും, അഭിലാഷവും, അനുരാഗസ്ഥിതിയും അറിയാതെ, കണക്കു വെക്കാതെ, പതിമ്മൂന്നും പതിന്നാലും വയസ്സുള്ളപ്പോൾ, അവരെപ്പിടിച്ച്, ആജീവനാന്തം മനസ്സെരിഞ്ഞു കഴിയുവാൻവേണ്ടി, തലച്ചോറില്ലാത്ത കഴുതകളുടെ കൂടെ കെട്ടിയിട്ടേക്കുന്ന സമ്പ്രദായം നിർത്തേണ്ടുന്ന കാലം അതിക്രമിച്ചിരിയ്ക്കുന്നു. [ഹിയർ! ഹിയർ! – പി.എസ്സ്] എന്റെ അഭിപ്രായത്തിൽ മേലിൽ വിവാഹബന്ധത്തിലേർപ്പെടുവാൻ ഉദ്ദേശിക്കുന്ന വനിതകൾ ഭർത്തൃസ്ഥാനാർത്ഥികളിൽനിന്നു ഹർജികൾ ആവശ്യപ്പെടേണ്ടതും, പ്രാഥമികസെലക്ഷൻ കിട്ടിയവരുടെ ഇടയിൽനിന്ന്, 'ഇന്റർവ്യൂ' കഴിഞ്ഞതിന്നുശേഷം, തങ്ങൾക്കു പറ്റുന്ന വരന്മാരെ സ്വീകരിക്കേണ്ടതുമാണ്." [ഹസ്തഘോഷവും, ചിയേഴ്സും]

ഈ പ്രസംഗത്തിന്നുശേഷം ദിവസം പതിനഞ്ചുകഴിഞ്ഞപ്പോഴേയ്ക്കും, നമ്മുടെ സൗഭാഗ്യവതിയുടെ മേശപ്പുറത്ത്, നാനാസ്ഥലങ്ങളിൽ നിന്നും വന്ന എഴുത്തുകൾ, മഹാമേരു പോലെ, കുന്നിച്ചുകൂടി. എല്ലാം അവിവാഹിതയായ സൗഭാഗ്യവതിയുടെ സ്വയംവരത്തിന്നു കാങ്ക്ഷിച്ചു കൊണ്ടുള്ള ഭർത്തൃസ്ഥാനാർത്ഥികളുടെ അപേക്ഷാഹർജികളായിരുന്നു എന്ന് പറയേണ്ടതില്ലല്ലോ.

ഏതാനും ഹർജികളുടെ പകർപ്പുകൾ താഴെ ചേർക്കുന്നു:

ഒരു ഡോക്ടർ ഇങ്ങിനെ എഴുതി:

"ആരോഗ്യവതി,

ഭവതിയുടെ ദേഹത്തിൽനിന്ന് പുറപ്പെട്ട രശ്മികൾ കൺവഴി എന്റെ തലച്ചോറിൽ എത്തിയ ഉടനെ അവിടെ പലേ മാറ്റങ്ങളും വന്നിരിയ്ക്കുന്നു.

ഞാൻ നല്ല പ്രാക്റ്റീസ്സുള്ള ഒരു ഡോക്ടറാണ്; അരോഗദൃഢഗാത്രനായ ഒരു ചെറുപ്പക്കാരനുമാണ്. പക്ഷേ ഭവതിയെക്കണ്ടതു മുതൽ ഓപ്പറേഷൻ കഴിയ്ക്കുമ്പോൾ എന്റെ കൈ വിറച്ചു

ടങ്ങിയിരിയ്ക്കുന്നു. രണ്ടു മൂന്നു രോഗികൾ ഈ ഏകകാരണത്താൽ 'കൊളാപ്സാ'യിപ്പോയി. ഭവതി എന്നെ ഭർത്താവായി സ്വീകരിച്ചില്ലെങ്കിൽ എനിയും അനവധിപേർ 'കൊളാപ്സായി'പ്പോകുവാൻ ഇടയുണ്ട്. അതുമാത്രമല്ല, മറ്റുള്ളവരുടെ നെഞ്ഞത്ത് കുഴൽവെച്ച് ഹാർട്ട് പരിശോധിയ്ക്കുന്ന സമയങ്ങളിൽ എന്റെ സ്വന്തം നെഞ്ഞിടിപ്പിന്റെ ശബ്ദം എന്റെ ചെവികളിൽ "ഘും ഘും" എന്നു മുഴങ്ങി കേൾക്കുന്നതിനാൽ, അവർക്കൊക്കെ ഹൃദയത്തിന്ന് എന്തോ തരക്കേടുണ്ടെന്നു ഞാൻ ശങ്കിച്ചുപോകുന്നു. ഇതിന്നുപുറമെ, ഭവതിയെക്കുറിച്ചുള്ള ചിന്തഹേതുവായി എന്റെ ആമാശയം, പക്വാശയം, യകൃത്ത്, പ്ലീഹ മുതലായ അനേകം ആന്തരാവയവങ്ങൾ വലിയ തകരാറിലായിരിയ്ക്കുന്നു. ഒന്നുകിൽ ഭവതിയുടെ ഭർത്തൃപദം, അല്ലെങ്കിൽ ദീർഘകാലത്തേക്ക് നീണ്ട് നിന്നു ഒടുക്കം മരണത്തിൽ പരിണമിച്ചേക്കാവുന്ന ക്രോണിക് ഡിസ്പെപ്സിയയും അക്യൂട്ട് ഇൻസോമ്നിയയും – ഇവയിലൊന്നാണ് ഞാൻ ഭാവിയിലേയ്ക്ക് തിരഞ്ഞെടുക്കേണ്ടി വരിക.

എന്ന്,'

ആജീവനാന്തം ഭവതിയുടെ

— (എം. ബി. ബി. എസ്സ്)

ഒരു വക്കീൽ താഴെ ചേർക്കും പ്രകാരം എഴുതി:

1936 മെയ് മാസം 15 ആംന വെള്ളിയാഴ്ച പകൽ അഞ്ചുമണിക്കോ, അതിന്നടുത്തോ, ശ്രീമതി .........യായ നിങ്ങൾ .........ഗൾസ് സ്കൂളിലോ, പരിസരത്തിലോ, വെച്ച ചെയ്ത പ്രസംഗത്തിൽ, ഭാവിയിൽ സ്ത്രീകൾ ഭർത്താക്കന്മാരെ സ്വീകരിയ്ക്കുന്നത് ഭർത്തൃസ്ഥാനാർത്ഥികളുടെ ഹർജികൾ പ്രകാരമായിരിക്കേണമെന്നോ, ആ അർത്ഥം വരുന്ന മറ്റു വാക്കുകളോ, പറഞ്ഞിരിക്കുകയാലും, നിങ്ങൾ അവിവാഹിതയാണെന്ന് എനിക്ക് ഉത്തമവിശ്വാസമുള്ളതിനാലും, മേപ്പടി സമ്പ്രദായത്തിലുള്ള ഭർത്തൃസ്വീകരണത്തിന്ന് നിങ്ങൾ ഒരുക്കമാണെന്ന് മേപ്പടി വാക്കുകളിലൂടെ ധ്വനിയ്ക്കുന്നതിനാലും, ഈ ഹർജി എഴുതുന്ന ഞാൻ അവിവാഹിതനായതിനാലും, ഈ ഹർജിയ്ക്കു കാരണമായിത്തീർന്നിരിയ്ക്കുന്നു.

ഹർജിക്കാരനായ ഞാൻ ഇക്കഴിഞ്ഞ 1936 ഏപ്രിൽ മാസം 1-ആംന മുപ്പത്തഞ്ചുവയസ്സ തികച്ചിരിയ്ക്കുന്ന ഒരു പുരുഷനാണെന്നും (ഹിന്ദു, അബ്രാഹ്മണൻ) ഇതെഴുതുന്ന സമയത്ത് ഞാൻ ഉഴലൂർ ഡിസ്ട്രിക്റ്റു കോർട്ടിൽ ഒരു വക്കീലാണെന്നും പ്രതിമാസം സിവിലായും ക്രിമിനലായും ഉള്ള പ്രാക്റ്റീസുകൊണ്ട് എനിയ്ക്കു ശരാശരി വരവ് 300ക. യാണെന്നുള്ള ഇൻകംടാക്സ് ഓഫീസറുടെ മതിപ്പിനെ ഞാൻ നിഷേധിയ്ക്കാതെ, ആ സംഖ്യയ്ക്കുള്ള തോതുപ്രകാരം ആദായനികുതി കൊടുത്തുവരുന്നുണ്ടെന്നും, തറവാട്ടു ഭാഗം കഴിച്ചതിൽ, എനിയ്ക്കു കടവും കോടതിച്ചെലവും മുഴുവൻ കൊടുത്തു തീർത്തതിന്നുശേഷം കിട്ടിയ ഓഹരിവില, കമ്മീഷൻ കണക്കുപ്രകാരം 13ക. 8ണ. 9പൈ, മാത്രമാണെങ്കിലും, എന്റെ പ്രാക്റ്റീസുകൊണ്ടുള്ള വരവ് ഏതു സ്ത്രീയുടെയും ഭർത്തൃപദവിയ്ക്ക് എന്നെ അർഹനാക്കിത്തീർക്കുന്നുണ്ടെന്നും, ഞാൻ ഇതിനാൽ നിങ്ങളെ അറിയിച്ചുകൊള്ളുന്നു.

നിങ്ങൾ എന്നെ ഭർത്താവായി സ്വീകരിയ്ക്കുന്നപക്ഷം കോടതിയുള്ള ഓരോ ദിവസവും

കക്ഷികളിൽനിന്നു ഫീസായി കിട്ടുന്ന പണത്തിൽ പകൽസമയത്ത് കോടതിയിൽവെച്ചു ഉണ്ടായേയ്ക്കാവുന്ന ന്യായമായ ചെലവുകൾ കഴിച്ച് ബാക്കി സംഖ്യ വീട്ടിൽത്താമസമുള്ള ദിവസം രാത്രി പത്തുമണിയ്ക്കകത്തും, കേസ്സിന്നു പുറമേപോയി താമസിയ്ക്കേണ്ടി വന്നാൽ തിരിച്ച് വീട്ടിലെത്തി ഒരു മണിക്കൂർ കഴിയുന്നതിലിടയ്ക്കും, നിങ്ങളുടെ കൈവശം തന്നുകൊള്ളാമെന്നും, മുൻപറഞ്ഞ ചെലവുകളുടെ ശരിയായ ഒരു കണക്കും അതോടു കൂടി ഏല്പിച്ചുകോള്ളാമെന്നും, കമീഷൻഫീസ്സുൾപ്പെടെ മറ്റുവഴിയ്ക്കു കിട്ടാവുന്ന എല്ലാ വരവുകൾക്കും ഈ നിബന്ധന ബാധകമാകുന്നതാണെന്നും, നമ്മളിൽ ഒരാൾ മരിയ്ക്കുകയോ, വിവാഹബന്ധം വേർപെടുത്തുകയോ ചെയ്യുന്നതുവരെ, ഞാൻ, കടാക്ഷം, പ്രേമലേഖനം മുതലായവവഴിയായി മറ്റു യാതൊരു സ്ത്രീയുടെയും നേരെ എനിയ്ക്കുള്ളതോ ഉണ്ടാകുവാനിടയുള്ളതോ ആയ അനുരാഗത്തെ വെളിപ്പെടുത്തുന്നതല്ലെന്നും, അങ്ങിനെയൊരു വാഗ്ദാനം നിങ്ങൾ ഇങ്ങോട്ടും തരേണ്ടതായിരിയ്ക്കുമെന്നും കൂടി ഞാൻ നിങ്ങളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

1. ആരോഗ്യം
2. സൗശീല്യം
3. സൗന്ദര്യം
4. യൗവനം
5. ബുദ്ധി
6. തറവാടിത്തം

എന്നാൽ മാർജിനിൽ വിവരിച്ചിരിയ്ക്കുന്ന നിങ്ങളുടെ ആരോഗ്യാദിഗുണങ്ങളെപ്പറ്റി വിശ്വസ്തരായ പലേ സാക്ഷികളും പറഞ്ഞു ഞാൻ കേൾക്കുകയും, ഒന്നാം ഖണ്ഡികയിൽ പറയപ്പെട്ട ഭർത്തൃസ്വീകരണത്തെപ്പറ്റിയുള്ള നിങ്ങളുടെ അഭിപ്രായം അറിയുകയും ചെയ്തതുമുതൽ എനിയ്ക്കു നിങ്ങളെക്കുറിച്ചുള്ള അനുരാഗം ഹേതുവായി കേസ്സുകളിലൊന്നും ശ്രദ്ധ വേണ്ടതുപോലെ പതിയാതെയായിരിയ്ക്കുന്നുവെന്നും, അതുനിമിത്തം എന്റെ വളരെ വിലപിടിച്ച ഏതാനും കക്ഷികൾക്ക് ഗണ്യമായ നഷ്ടം ഇപ്പോൾത്തന്നെ വന്നുകഴിഞ്ഞിരിയ്ക്കുന്നുവെന്നും, കാലാന്തരത്തിൽ ഈ നഷ്ടം എന്നെയും ബാധിയ്ക്കുവാനിടയുണ്ടെന്നും, ഇക്കാര്യത്തിൽ നിങ്ങൾക്കു വല്ല ബാദ്ധ്യതയുമുണ്ടെന്നു സിവിൽനിയമത്തിൽ ഒരേടത്തും കാണാത്തതിൽ ഞാൻ വ്യസനിയ്ക്കുന്നുവെന്നും, പക്ഷേ, നിയമസംബന്ധമായ ഉത്തരവാദിത്തമില്ലെങ്കിലും, ഇതു നിങ്ങളുടെ കീർത്തിയ്ക്ക് ഒരു ഉടവായിരിയ്ക്കുമെന്നും നിങ്ങളെ അറിയിയ്ക്കേണ്ടുന്ന ചുമതലയും എനിയ്ക്കുണ്ട്.

നിങ്ങൾ എന്നെ സ്വീകരിയ്ക്കാത്തപക്ഷം ഈ കത്തയയ്ക്കുവാൻ എഴുത്തുകൂലി ഉൾപ്പെടെയുള്ള ചെലവ് 1ക. 1ണ. 2 പ. എനിയ്ക്ക് അനാവശ്യമായ നഷ്ടമായിരിയ്ക്കുമെന്ന് നിങ്ങളെ ഓർമ്മപ്പെടുത്തുന്നു.

എന്ന്, വിവാഹം കഴിയ്ക്കുന്നതുവരെയോ മറ്റൊരു സ്ത്രീയിൽ അനുരക്തനാകുന്നതുവരെയോ,

നിങ്ങളുടെ സ്വന്തം, .......(ബി.എ. , ബി.എൽ)

ഒരാഫീസുമാനേജരുടെ എഴുത്ത് ഇങ്ങനെയായിരുന്നു:

നമ്പർ 537/36. തിയ്യതി, 29-5-36

റഫറൻസ്: 1936 മെയ് 15-ആംനത്തെ നിങ്ങളുടെ പ്രസംഗം.

മേലെഴുതിയ സംഗതിയിൽ, നിങ്ങൾ സൂചിപ്പിച്ച അഭിപ്രായപ്രകാരം, നിങ്ങളുടെ പാണിഗ്രഹണത്തിനു ഞാൻ ഒരു അപേക്ഷകനാണ്. എന്നെപ്പറ്റി അധികവിവരങ്ങളടങ്ങിയ ഒരു ഫോറവും(എ) നിങ്ങൾ എന്റെ അപേക്ഷ സ്വീകരിയ്ക്കുന്ന പക്ഷം, ഒപ്പിട്ട് എനിയ്ക്കു തിരിച്ചയയ്ക്കുവാൻ ഒരു ഫോറവും (ബി) ഇതൊന്നിച്ചടക്കം ചെയ്തിരിയ്ക്കുന്നു.

മേലാലുള്ള എഴുത്തുകുത്തുകളിൽ മേൽചേർത്തിരിയ്ക്കുന്ന നമ്പർ കാണിപ്പാനപേക്ഷ.

എന്ന്, വിശ്വസ്തൻ

.........

ഫോറം (എ)

ഹരജിക്കാരന്റെ പേരും മറ്റു വിവരങ്ങളും

1. പേർ.....................................................
2. സ്ത്രീയോ പുരുഷനോ എന്ന് :- പുരുഷൻ
3. മതവും, വകുപ്പും :- ഹിന്ദു, നായർ.
4. വയസ്സ് :- 27വ. 8 മാ. 10 ദി.
5. ഉദ്യോഗം :- ബിംഗ്ലി ഏന്റ് ഡിംഗ്ലി ആഫീസ് മാനേജർ
6. ഉയരം :- 5 അ. 8 അം
7. നെഞ്ഞിന്റെ ചുറ്റളവ് :- 34 അം.
8. മാസപ്പടിയും, ഗ്രേഡും, ഏറ്റവും അധികം കിട്ടാവുന്ന ശമ്പളവും :- 95; 80-5-150; 150
9. സ്വന്തം പേരിൽ ഒട്ടാകെ സമ്പാദ്യം :- 6,500ക.
10. ഇൻഷ്വർ ചെയ്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്രയ്ക്കെന്നും :- ഉണ്ട്; 5000 കയ്ക്ക്
11. കടമുണ്ടോ എന്ന് :- ഇല്ല

ഫോറം (ബി)

— താലൂക്ക് — അംശം — ദേശത്ത് — വീട്ടിൽ ശ്രീമതി —- യായ ഞാൻ, ബിംഗ്ലി ഏന്റ് ഡിംഗ്ലി കമ്പനി മാനേജരായ മി. — രെ ഇന്നുമുതൽ മൂന്നു മാസത്തിന്നകത്ത് വിവാഹം ചെയ്യാമെന്ന് സമ്മതിച്ചിരിയ്ക്കുന്നു.

എന്ന്, 1936 — മാസം — തീയ്യതി

— (ഒപ്പ്)

ഒരു പത്രലേഖകൻ അയച്ച ഹർജി താഴെ ചേർക്കുംപ്രകാരമായിരുന്നു:

അഭിവന്ദ്യശ്രീമതി,

ഇക്കഴിഞ്ഞ മെയ് 15-ആന വെള്ളിയാഴ്ച കൃത്യം അഞ്ചു മണിയ്ക്കു് സ്ഥലം ഗൾസ്സ്കൂളിൽ, ശ്രീ. കെ. കെ. മദ്രാസീയൻ അവർകളുടെ സമാരാധ്യമായ ആധ്യക്ഷത്തിൽ സമ്മേളിച്ച മഹിളകളും സ്ഥലത്തെ പൗരപ്രമാണികളും ഉൾപ്പെടെയുള്ള പന്തീരായിരത്തിൽപ്പരം ജനങ്ങളുടെ മുൻപാകെ ഭവതി ചെയ്ത സരസവും, പ്രസന്നവും, ഗംഭീരവും, ഊർജസ്വലവും, ഉജ്വലവും, ശ്രദ്ധേയവും, വിജ്ഞേയവും, പ്രൗഢവും, ലളിതവും, സാരതരവും, സദസ്യരെ കോൾമയിർക്കൊള്ളിച്ചതും, ആവേശജനകവും, ആദർശദീപ്തവും, പ്രത്യാശാസുരഭിലവും, ശ്രവണപീയൂഷവും, ഹൃദയവർജകവുമായ പ്രസംഗത്തെ, ഉള്ളതിലും കുറച്ചുകൂടി അധികം ഭംഗിയാക്കി ഞാൻ മലബാറിലെ എല്ലാ പത്രങ്ങളിലേയ്ക്കും അയച്ചുകൊടുത്തു പ്രസിദ്ധം ചെയ്യിച്ചിട്ടുണ്ട്. വിവാഹവിഷയത്തിൽ ഭവതി നിർദ്ദേശിച്ച പദ്ധതി ഏറ്റവും അനുകരണീയമാണെന്നാണ് ഈ ലേഖകന്റെ എളിയ അഭിപ്രായം. അതിനെ കഴിയുന്നേടത്തോളം പ്രായോഗികമാക്കുവാനുള്ള ഒരു കാര്യപരിപാടിയിൽ ഭവതിയുടെ നടപടി തന്നെ ആദ്യത്തെ ഇനമാക്കിത്തീർക്കുന്നതിൽ എന്താണ് വൈഷമ്യം? ഇക്കാര്യത്തിൽ നാട്ടുകാർക്ക് അനുഭാവമുണ്ടാക്കിത്തീർക്കേണ്ടതിന്ന് ഒരു പ്രചരണവേല നടത്തുവാനാവശ്യമായ ഒരു പരിപാടിയെ രൂപവൽക്കരിയ്ക്കുന്നതിന്നു വേണ്ടി ഒരു പദ്ധതിയെ ശരിപ്പെടുത്തുവാൻ സ്ഥലത്തെ യുവജനങ്ങൾ ഏതാനും മഹിളകളുടെ സഹായത്തോടുകൂടി അശ്രാന്തപരിശ്രമം ചെയ്തുവരുന്നുണ്ടെന്നുള്ള സന്തോഷവാർത്തയെ ഭവതിയെ അറിയിയ്ക്കുവാൻ കഴിയുന്നതിനെക്കുറിച്ച് ഈ ലേഖകന്ന് പ്രത്യേകവും അകൈതവവും സവിശേഷവുമായ കൃതാർത്ഥതയുണ്ടെന്ന് സാഭിമാനം രേഖപ്പെടുത്തിക്കൊള്ളുന്നു. ഭവതിയുടെ ഭാഗ്യപരിപൂർണ്ണമായ ഭർത്തൃപദവിയ്ക്കു് ഈ ലേഖകനെയും ഒരു അപേക്ഷകനായി കരുതുവാനപേക്ഷ. ഞാൻ കേരളത്തിലെ എല്ലാ പത്രങ്ങളുടെയും സ്വ. ലേ. ആണ്.

എന്ന്, വിധേയൻ

....................

ഇത്രയും ഇന്നേവരെ കിട്ടിയ എഴുത്തുകളാണെന്ന് സൗഭാഗ്യവതി അറിയിച്ചിരിയ്ക്കുന്നു. എനിയും ആരൊക്കെ എഴുതുമെന്ന് അറിയുന്നില്ല. എനി കിട്ടുന്നവ അടുത്ത ലക്കത്തിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

സൗഭാഗ്യവതിക്ക് ഭർത്തൃസ്ഥാനാർത്ഥികളുടെ അസംഖ്യം ഹർജികൾ പിന്നേയും കിട്ടി. ഇപ്പോഴും അവ വന്നുകൊണ്ടേയിരിയ്ക്കുന്നു എന്നാണ് അറിയുന്നത്. ഈ ഹരജിവരവ് ഇങ്ങിനെതന്നെ നിലനിന്നുപോവുകയാണെങ്കിൽ അവയെത്തടയുവാൻ മേട്ടൂർ അണക്കെട്ടിനെക്കാൾ വലിയ ഒരു അണതന്നെ കെട്ടേണ്ടിവന്നേയ്ക്കുമോ എന്ന് സൗ. ഭയപ്പെട്ടുതുടങ്ങിയിരിയ്ക്കുന്നു. തിരുവാതിര ഞാറ്റുവേലയിലെ മഴ പോലെ, മി. സത്യമൂർത്തിയുടെ പ്രസംഗം പോലെ, ചിത്രമെഴുത്തു കെ. എം. വർഗ്ഗീസ്സവർകളുടെ ഗദ്യകവിതപോലെ, ശ്രീ. ചങ്ങമ്പുഴ

യുടെ മൃദുലളിതസരളകോമളപദകോലാഹലം പോലെ, ധാരമുറിയാതെ, പ്രതിബന്ധമില്ലാതെ, പ്രയാസമില്ലാതെ, ഒരേ അർത്ഥത്തോടുകൂടി അവ ഒഴുകിവരുന്നു. അവയുടെ സഹസ്രാംശംപോലും പകർത്തിയാൽ 'സഞ്ജയ'ന്റെ ഈ ലക്കവും അടുത്ത ഒരു ഡസൻ ലക്കങ്ങളും നിറഞ്ഞുവഴിയും. അതുകൊണ്ട്, വിഷുക്കണി – സാമ്പിൾ ന്യായപ്രകാരം ഏതാൻ ചിലവയെക്കൂടിമാത്രം താഴെ പകർത്തി ഞാൻ വിരമിച്ചേക്കാം.

ഇത്തവണ കവിഗുളികകളുടെ വിളയാട്ടങ്ങൾക്കാണ് ഞാൻ പ്രാധാന്യം കൊടുക്കുവാൻ പോകുന്നത്. ആദ്യം അരങ്ങേറുന്നത് ഒരു ഗദ്യകവിയുടെ പ്രേമലേഖനമാണ്. നോക്കുവിൻ.

"പാറക്കെട്ടിലുമുണ്ട് നീരുറവ്; ചട്ടുകക്കള്ളിയ്ക്കുമുണ്ട് പൂവ്; പിണ്ണാക്കിലുമുണ്ട് മാധുര്യം; കരിങ്കാറിലുമുണ്ട് ശുമിന്നൽ; സർപ്പശിരസ്സിലുമുണ്ട് മാണിക്യമണി; വിപ്ലവകവിതയിലുമുണ്ട് നല്ല വരികൾ; രൂക്ഷനായ പൂച്ചയിലുമുണ്ട് സൗമ്യനായ എലി; എന്നിലുമുണ്ട് നീ.

ഒരു പൊൻവീണ ഒരു കരാംഗുലിയുടെ സപ്രേമലാളനത്തെ പ്രതീക്ഷിക്കുകയാണ്; ചുട്ടെരിയുന്ന ഒരു മരുപ്പറമ്പ് സ്വർഗ്ഗീയമായ ശീതശീകരസ്പർശത്തെ കാങ്ക്ഷിച്ചു എരിപൊരിക്കൊള്ളുന്ന മാർവിടത്തെ നീലനഭസ്സിന്നു തുറന്നുകാട്ടുകയാണ്; ഒരു ഗ്രാമഫോൺ റിക്കാർഡിലെ സംഗീതം സൗണ്ട്ബോക്സിന്റെ സമ്മേളനംകാത്തു ക്ഷമയില്ലാതെ വട്ടം ചുറ്റുകയാണ്; ഒരു പാഴ്മഞ്ഞിൻതുള്ളി ശുമുത്തായിത്തീരുവാൻ അരുണകിരണപ്രവേശനത്തിന് നോമ്പുനോറ്റു ഞാന്നു കിടക്കുകയാണ്; ഈ സെറ്റുകളിൽ ആദ്യത്തേതൊക്കെ ഞാനാണ്, രണ്ടാമത്തേതൊക്കെ നീയാണ്.

അതിന്റെ പ്രത്യുഷപവനൻ തലോടിയപ്പോഴാണ് എന്റെ പ്രത്യാശമുകുളം വിരിഞ്ഞത്; അതിന്റെ കിരണകുന്ദളങ്ങൾ ചുംബിച്ചപ്പോളാണ് എന്റെ നിരാശാതമസ്സ് ഒഴിഞ്ഞുമാറിയത്; അതിന്റെ കളകോമളകൂജനത്താലാണ് ഏകാന്തമായ എന്റെ ഹൃദയത്തിലെ നിശ്ശബ്ദതയിൽനിന്ന് മാറ്റൊലി പുറപ്പെട്ടത്; അതിന്റെ കൊടുങ്കാറ്റടിച്ചപ്പോളാണ് എന്റെ അന്യഥാശങ്കാശഷ്പങ്ങൾ പാറിപ്പോയത്; 'അതു' നിന്റെ പ്രസംഗം – അതെ, ആ ദിവ്യവാഗ്ധാരആയിരുന്നു.

ഓമനേ! എന്റെ അപേക്ഷയാകുന്ന ഈ മഴത്തുള്ളി നിന്റെ കൃപയാകുന്ന ആ മുത്തുച്ചിപ്പിയിൽത്തന്നെ പോയി വീഴുകയില്ലേ? ഈ ഹിമരശ്മിനിപാതം ആ ചന്ദ്രകാന്തത്തെ അലിയിക്കുകയില്ലേ? ഈ കല്ലേറ് ആ മാമ്പഴത്തെ താഴെ വരുത്തുകയില്ലേ?

ഹാ, വീണാൽ – അലിയിച്ചാൽ – വരുത്തിയാൽ – ഭൂമി സ്വർഗ്ഗം; ഞാൻ ദേവൻ; കോഴിക്കോട് മുനിസിപ്പാലിറ്റി അമരാവതി; ഈ കസാല സിംഹാസനം; പിണ്ണക്ക് ജിലേബി; മണ്ണുകട്ട റവ ലഡു; എന്റെ പാചകൻ നളൻ; സർവ്വം ആനന്ദം, പരമാനന്ദം.

ഹ, ഹ, വീണില്ലെങ്കിൽ – അലിഞ്ഞില്ലെങ്കിൽ – വരുത്തിയില്ലെങ്കിൽ – ഭൂമി നരകം; ഞാൻ നരകകൃമി; കാച്ചിക്കുറുക്കിയ പാൽ കലർപ്പില്ലാത്ത കാകോളം; പനിനീര് പീനാറി; പകൽ രാത്രി, രാത്രി പകൽ; രാമായണം രാവണായനം; കസ്തൂരി ചാണകം; എല്ലാം അബദ്ധം, അപകടം, അക്ലീമം, നോൺസെൻസ്, കുതിരവട്ടം.

എന്ന്, അനുകൂലമായ മറുപടിയുണ്ടാകുമെന്നറിയിച്ചാൽ മാത്രം പേരു പറയുവാൻ തീർച്ചപ്പെടുത്തിയിരിയ്ക്കുന്ന നിന്റെ ചരണൈകശരണൻ.”

ഗദ്യകവിക്ക് ബുദ്ധി കടുകട്ടിയാണെന്ന് അവസാനത്തെ വാചകം തെളിയിക്കുന്നുണ്ടല്ലോ. എനി പഴയ വെണ്മണിപ്രസ്ഥാനക്കാരനായ ഒരു കാർണോപ്പാട് നന്നെ വിഷമിച്ച് തലകാഞ്ഞ് കുത്തിക്കുറിച്ചയച്ച അപേക്ഷാഹർജി നോക്കുക:

“കൂട്ടം കോപേന സിംഹത്തലവനിടിരവം
        പോലെ ഗർജ്ജിച്ചു പിന്നിൽ-
ക്കൂടുന്നേരം ‘കഴിഞ്ഞു കഥ’യിതി കരുതി
        ക്കാറ്റു തോൽക്കുന്ന മട്ടിൽ
ചാടും മാൻകുഞ്ഞു നാണിച്ചിടയിടെ
        നെടുവീർപ്പിട്ടു നിന്നീടുമാറാ-
യീടും നിൻ നോട്ടമയ്യോ, ശിവ, മമ ഹൃദയേ
        ഹന്ത! ചെന്തീയ്യുപോലായ്!!

ആ പ്രസംഗമതു കേട്ടനാൾമുതൽ
ത്വല്പസക്തമതിയായി ഞാനെടോ!
അപ്രമേയഗുണപൂർണ്ണയായ നിൻ
വിപ്രലംഭമിവനെത്തുലയ്ക്കയായ്?

ഊണിൽക്കാണ്മതില്ല തെല്ലു രുചി മേ;
        പൊയ്യോയുറക്കം, പ്രിയേ!
ക്ഷീണിക്കുന്നു ശരീരമിങ്ങനുദിനം;
        വർദ്ധിപ്പൂ വൈക്ലബ്യവും;
കാണിക്കും കുറയുന്നതില്ല ഹൃദയേ
        കാഠിന്യമെന്നാകിൽ, നിൻ
കോണിക്കൽ ശവമൊന്നു കാണുമൊരുനാൾ;
        ഞാൻ തന്നെയാമാശ്ശവം!

നിറഞ്ഞ സൽകാന്തിസരോമരാളികേ!
മറന്നിടൊല്ലെന്നെ മനോഹരാളകേ!
പറഞ്ഞു ഞാനെൻ കഥ; നീ തുണയ്ക്കുകിൽ
കുറഞ്ഞുപോമെൻ വ്യഥ, പൊന്നുതങ്കമേ!”

വിഷാദാത്മകന്മാരും വെറുതേയിരുന്നില്ല. അവരുടെ ഇടയിൽനിന്ന് വന്ന അറുന്നൂറിൽച്ചില്വാനം ഹർജികളിൽനിന്നു താഴേ ചേർക്കുന്ന ‘ഓമനക്കുട്ട’വിലാപമാണ് സൗഭാഗ്യവതി

തിരഞ്ഞെടുത്തയച്ചിരിയ്ക്കുന്നത്.വാസ്തവത്തിൽ അതു മുഴുവൻ വായിച്ച തീർക്കുവാൻ എനിക്കു സാധിച്ചിട്ടില്ല; പകുതി വായിക്കുമ്പോഴേക്കും കണ്ണീരുകൊണ്ട് ഞാൻ അന്ധനായിപ്പോയിരിയ്ക്കുന്നു. ഇടത്തേകൈയിൽ ഉറുമാൽ പിടിച്ചുകൊണ്ടുമാത്രമേ നിങ്ങളിതു വായിക്കാൻ തുടങ്ങാവൂ, അല്ലെങ്കിൽ കണ്ണുനീർ വീണു സഞ്ജയന്റെ പെയ്ജ് വഷളാവും. വിഷാദാത്മകൻ ഇങ്ങിനെ മോങ്ങി:

“ഖിന്നനാമെന്റെ മുന്നിലായ് ശുദ്ധ-
ശൂന്യത വാ പിളർത്തുന്നു;
കാണ്മതില്ലൊന്നുമന്ധകാരത്താൽ;
കണ്മിഴി; ഹാ! മേ വ്യർത്ഥമായ്;

ഓമനേ, നിന്നെക്കാമിക്കുംമുൻപേ-
യീ മട്ടിലാണെൻ കണ്ടീഷൻ;*
ആയതിൻശേഷമീയവസ്ഥയ്ക്കു-
ണ്ടായ കാഠിന്യം ഭീകരം!

എന്തിന്നാഹാരി? മെന്തിന്നു വെള്ളി?
മെന്തിന്നു കാറ്റു പോലും, ഹാ?
എന്തിന്നു മാനി? മെന്തിന്നു ജീവൻ
ബന്ധുരപ്രേമം പോരയോ?
ആച്ചരക്കിന്നു നിന്റെ കയ്യിൽത്താൻ
സച്ചരിതേ, ഞാൻ കാണുന്നു.
ആ വിശുദ്ധമാം പ്രേമം തീർത്തിടു-
മീ വിഷാദാത്മകത്വത്തെ
നീയതു തന്നാൽ നാലു നാളത്തെ
ക്കീയിവം പിന്നെത്തൃപ്തനാം!”

കണ്ടീഷൻ

മലയാളസാഹിത്യത്തിന്റെ ദയനീയസ്ഥിതിയോർത്ത്, അതിനെ ഈ ഒരു വിഷാദാത്മകനിൽനിന്നെങ്കിലും രക്ഷിക്കുവാനായി, പ്രസ്തുതദേഹം കൈമലർത്തിയിരിക്കുന്ന “നാലുനാളത്തെ തൃപ്തി” അയാൾക്ക് കൊടുത്തേക്കുവാൻ പി.എസ്സ്. സൗഭാഗ്യവതിയോടഭ്യർത്ഥിക്കുന്നു. അതു സൗഭാഗ്യവതിയുടെ സോവിയറ്റ് ആദർശങ്ങൾക്ക് വിരുദ്ധവുമല്ലല്ലോ! കേരളത്തിലെ എല്ലാ ഓമനകൾക്കും അങ്ങിനെ ചെയ്യാനുള്ള ദയയുണ്ടായിരുന്നെങ്കിൽ ഈ ആഭാസന്മാരുടെ വിഷാദത്തിന്റെ പൈച്ഛില്യം സാഹിത്യത്തിൽ നിന്നൊഴിയുകയും ചെയ്യും.

മിസ്റ്റിക്ക് കവികളുടെ ഹർജികളും കുറെ വന്നിട്ടുണ്ട്. ഒന്നിതാ:

"നിർന്നിമേഷങ്ങളായ് വാനിൽ
രാക്കണ്ണുകൾ വിളങ്ങവേ;
ചന്ദ്രോദയം പ്രതീക്ഷിച്ചു
വാരാർന്നിധിയിരമ്പവേ;
പുത്തൻചെമ്പനിനീർപ്പൂവിൻ
ചുറ്റും സംഭ്രാന്തചിത്തനായ്
ഒരു വണ്ടു പറക്കുന്നു
കൂരിരുൾച്ചെണ്ടു പോലവെ;
വിളക്കു കെട്ടുപോയെന്റെ
തോണി നീങ്ങുന്നതില്ല, ഹാ?
വിരിഞ്ഞതില്ല പൂവിന്നും
വണ്ടു മൂളി വൃഥൈവ താൻ
രാത്രി പോകുന്നു മുന്നോട്ടു
പ്രത്യൂഷസ്സിന്റെ പൂങ്കവിൾ
ചുംബിപ്പാൻ കൊതി പൂണ്ടേറ്റ-
മിന്ദു കണ്ണീർ പൊഴിയ്ക്കുവേ!...

[കുറിപ്പ്:

പുറാട്ട് പറയുംപോലെ
തോന്നുമെങ്കിലുമിന്നിതിൽ
മിസ്റ്റിക്കർത്ഥമൊളിയ്ക്കുന്നു;
തൈക്കുണ്ടിൽ കള്ളനെന്ന പോൽ ]"

അങ്ങിനെ മിസ്റ്റിസിസം. ഗവർമ്മേണ്ടിന്റെ സമസ്ത ഡിപ്പാർട്ട്മെന്റുകളിലേയ്ക്കും, കമ്പനികളിലേയ്ക്കും, മറ്റും മറ്റുമായി ബി.എ. പരീക്ഷ പാസ്സായതിന്നുശേഷം അയ്യായിരത്തില്പരം അപേക്ഷാഹർജികളെഴുതിയയച്ച്, കൈ തഴമ്പിച്ച്, ഒരു ദിക്കിലും ഒരെത്തും പിടിയും കിട്ടാതെ ഉഴന്ന് ഉഴലൂരായിക്കഴിയുന്ന ഒരു ഉദ്യോഗസ്ഥാനാർത്ഥിയുടെ ഹർജികൂടി കീഴെ പകർത്തുന്നു.

"ബഹുമാനപ്പെട്ട ശ്രീമതി,

നിങ്ങളുടെ ഭർത്തൃപദവി ഒഴിവാണെന്നും ആ ഉദ്യോഗത്തിലേക്ക് അടുത്തൊരാളെ നിയമിയ്ക്കുവാനിടയുണ്ടെന്നും അറിയുകയാൽ എന്നെയും അതിലേയ്ക്ക് ഒരു സ്ഥാനാർത്ഥിയായി കരുതുവാൻ അപേക്ഷിയ്ക്കുന്നു.

ഞാൻ പാലക്കാട്ടു താലൂക്കിലെ ഏറ്റവും പുരാതനമായ ഒരു നായർത്തറവാട്ടിലെ അംഗമാണ്. എന്റെ നാല് അമ്മാവന്മാരും രണ്ടു ജ്യേഷ്ഠന്മാരും കേൾവിപ്പെട്ട തറവാടുകളിൽ

സംബന്ധം ചെയ്തവരായി ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. എന്റെ ഈയിടെ ആത്മഹത്യ ചെയ്ത ഒരു അമ്മാമന്റെ ഭാര്യ സോവിയറ്റുറഷ്യയിൽ പോയി തിരിച്ചുവന്ന ഒരു മഹതിയാണെന്നുകൂടി നിങ്ങളെ സവിനയം അറിയിച്ചുകൊള്ളുന്നു.

ഞാൻ ഇരുപത്തേഴു വയസ്സായ ഒരു അരോഗദൃഢഗാത്രനും, സ്വഭാവത്തെയും നടപടിയെയും സംബന്ധിച്ചേടത്തോളം നിർദ്ദോഷിയുമാണ്.

1928-ൽ ഞാൻ ചരിത്രം ഐച്ഛികവിഷയമായെടുത്തു ബി.എ. പരീക്ഷ പാസ്സായിട്ടുണ്ട്. അതിന്നുശേഷം ഇതുവരെ ഉദ്യോഗത്തിന്നുവേണ്ടി നിരന്തരപരിശ്രമം ചെയ്തിട്ടുമുണ്ട്. വിവാഹാനന്തരവും പ്രസ്തുത അന്വേഷണം കയ്യൊഴിയ്ക്കുവാൻ ഞാൻ കരുതുന്നില്ലെന്നു മാത്രമല്ല, അക്കാര്യത്തിൽ കുറെക്കൂടി ഉത്സാഹം കാണിയ്ക്കുവാൻ ഇടയുള്ളതുമാണ്.

നിങ്ങൾ എന്നെ ഭർത്താവായി സ്വീകരിയ്ക്കുന്നപക്ഷം, അചഞ്ചലമായ പ്രണയവും, എതിർവാക്കില്ലാത്ത അനുസരണവും മുഖേന നിങ്ങളെ പ്രസാദിപ്പിയ്ക്കുകയും തൃപ്തിപ്പെടുത്തുകയും ചെയ്‌വാൻ ഞാൻ സദാ സന്നദ്ധനായിരിയ്ക്കുമെന്നു കൂടി നിങ്ങളെ സവിനയം ബോധിപ്പിച്ചുകൊള്ളുന്നു.

യാതൊരു ജോലിയുമില്ലാതെ സമയം കഴിയ്ക്കുന്ന എന്റെ പേരിൽ നിങ്ങൾ ദയാദൃഷ്ടി പതിപ്പിയ്ക്കണമെന്ന് ഞാൻ ഒരു തവണകൂടി ഏറ്റവും വണക്കമായി പ്രാർത്ഥിച്ചുകൊള്ളുന്നു.

എന്ന്,

പ്രതീക്ഷാപരമായ നന്ദിയോടുകൂടി;

നിങ്ങളുടെ ഏറ്റവും വിശ്വസ്തഭൃത്യൻ,

......(ബി.എ)

സൗഭാഗ്യവതി ഇവരിൽ ആരെ നിശ്ചയിക്കുമെന്നാരു കണ്ടു? “സ്ത്രീണാഞ്ച ചിത്തം പുരുഷസ്യ ഭാഗ്യം” എന്നല്ലവാ?

# 7

## മഴയുടെ കാരണം

"കഴിഞ്ഞ ആഴ്ചയിൽ കോഴിക്കോട് മുനിസിപ്പാലിറ്റിയിൽ മഴ പെയ്യുവാനുള്ള കാരണമെന്ത്?" എന്നൊരു ചോദ്യം.

ഈ ചോദ്യത്തിനു സഞ്ജയന്റെ കീഴിൽ കുസൃതി അഭ്യസിക്കുവാൻ വേണ്ടി മാതാപിതാക്കന്മാർ അയച്ച കുറെ കുട്ടികൾ പറഞ്ഞ മറുപടികൾ താഴെ ചേർക്കുന്നതിൽ നിങ്ങളിൽ ആർക്കാനും വല്ല വിരോധവുമുണ്ടെങ്കിൽ രജിസ്റ്റാർ നോട്ടീസ്സുമൂലം പത്രാധിപരെ അറിയിക്കേണ്ടതാണു.

ഉത്തരങ്ങൾ:

1. ഭൂമിയിൽ വെള്ളമില്ലാത്തതു കൊണ്ട്.
2. അല്ല സർ! ആകാശത്തിൽ വെള്ളം അധികമുള്ളതുകൊണ്ട്!.
3. ബോബിലിരാജാവ് വന്നപ്പോൾ മുനിസിപ്പലാപ്പീസിന്റെ മുറ്റത്ത് പെട്ടെന്നു മുളച്ചു പൊങ്ങിയ തോട്ടം ഉണങ്ങിപ്പോയെന്നു സംശയിച്ചിട്ട്.
4. മുനിസിപ്പൽ വെള്ളവണ്ടി സ്വയംവരത്തിനു വരുന്ന കുലസ്ത്രീയെപ്പോലെ, ജസ്റ്റിസ് കക്ഷിക്കാരുടെ സ്വരാജ്യസ്നേഹം പോലെ, സൈമൺ കമ്മിറ്റിയുടെ റിപ്പോർട്ടു പോലെ, സീലുവയ്ക്കാത്ത തീപ്പെട്ടിയെപ്പോലെ, "പേടിച്ചും നാണിച്ചും" പുറത്തിറങ്ങിയതു കൊണ്ട്.
5. തലശ്ശേരി ടൗണിൽ ഒരു സംഗീതസഭ അവസാനിച്ചു എന്നു കേട്ടത് ശരിയല്ലെന്നു കണ്ടതു കൊണ്ട്.
6. ഒരു കൗൺസിൽ പ്രസിഡന്റിന്റെ ഉൾച്ചൂട് ആറ്റുവാൻ.
7. സഞ്ജയന്റെ തല തണുപ്പിയ്ക്കുവാൻ
8. തുലാവർഷം തുടങ്ങിയതു കൊണ്ട്

പരീക്ഷാഫലം:

ഒന്നാം നമ്പ്രകാരൻ തോൽക്കുകയും രണ്ടാമൻ പാസ്സാവുകയും ചെയ്തിരിക്കുന്നു. മൂന്നു മുതൽ ആറു വരെ നമ്പ്രകാർക്കു വലിയ മാർക്കുകൾ കിട്ടിയിട്ടുണ്ട്. ഏഴാം നമ്പ്രകാരനെ അസിസ്റ്റന്റ് മാസ്റ്ററാക്കി നിശ്ചയിച്ചിരിക്കുന്നു. എട്ടാം നമ്പ്രകാരനെപ്പറ്റി എനിയ്ക്കു ചിലതു പറയുവാനുണ്ട്. തുലാവർഷം ചിങ്ങമാസത്തിലാണ് തുടങ്ങുകയെന്നു കൂടി വിവരമില്ലാത്ത ഈ "മരമണ്ടൂസ്സ്" ഒരു മുനിസിപ്പൽ കൗൺസിലറുടെ മകനാണ്. എനിയ്ക്കു യാതൊരദ്ഭുതവും അതിനെക്കുറിച്ചു തോന്നുന്നില്ല. പഠിപ്പിച്ചാൽ നന്നാവുകയില്ലെന്ന പൂർണ്ണബോദ്ധ്യമുള്ളതു കൊണ്ട് അവനെ ഡിസ്മിസ്സ് ചെയ്തിരിക്കുന്നു. ആകപ്പാടെ കുട്ടികൾ ഒരുവിധം തരക്കേടില്ല; ബുദ്ധിയുണ്ട്.

# 8

## രുദ്രാക്ഷമാഹാത്മ്യം

കഥാനായകൻ പല വൈകുന്നേരവും ചെയ്യാറുണ്ടായിരുന്നതുപോലെ ഒരു വൈകുന്നേരം മാനാഞ്ചിറവക്കിൽ കിടക്കുകയായിരുന്നു. അങ്ങനെ കിടന്നുകൊണ്ടിരിക്കെ, തന്നെക്കാൾ ദുറാവായി, തന്നെക്കാൾ ലൂട്ടിമസ്സായി, തന്നേക്കാൾ പാംസുസ്നാതനായി, തന്നെക്കാൾ അക്ലീമനായി, തന്നെക്കാൾ മെലിഞ്ഞവനായി ഒരു സ്വരൂപം അവിടെ ആവിർഭവിച്ചു. ആദേഹം ഇന്ന് മലബാറിലെ മറ്റൊരു കുബേരനായ പൂഴിപ്പുറമ്പിൽ പറങ്ങോടനായിരുന്നു. പറങ്ങോടനും സഞ്ജയനും അയൽവീട്ടുകാരായിരുന്നു. അവർ ഒരുമിച്ചാണ് എഴുത്തുപള്ളിയിൽ പഠിച്ചത്; ഒരുമിച്ചാണ് അവരെ ഹൈസ്കൂൾ ക്ലാസ്സിന്റെ പടിവാതില്ക്കൽ വച്ച് തികഞ്ഞ ബുദ്ധിശൂന്യതയുടെ കൂടെ വിളഞ്ഞ തെമ്മാടിത്തരവും കാണിച്ചതിനാൽ സ്കൂളിൽ നിന്ന് "ഇങ്ങിനിച്ചവിട്ടരു"തെന്ന അധികൃതാജ്ഞാ സമേതം വെളിയിലേക്ക് തള്ളിയയച്ചത്; ഒരുമിച്ചാണ് അവർ വീട്ടിലേക്ക് ഒരു ശാപവും നാട്ടിലേക്ക് ഒരു ദ്രോഹവുമായിത്തീർന്നത്; ഒരുമിച്ചാണ് മുക്കാൽ പൈസയുടെ വരവില്ലാതെ അവർ കോഴിക്കോട്ടു മുനിസിപ്പാലിറ്റിയിലെ പൊടികൊണ്ട് മുഖദ്വാരങ്ങൾ നിറച്ച് ഒരു വ്യാഴവട്ടക്കാലം സകല തെരുവുകളിൽക്കൂടിയും രാപ്പകൽ തെണ്ടിയത്; ഒരുമിച്ചാണ് അവരുടെ മൂക്കുകൾ മേപ്പടി മുനിസിപ്പാലിറ്റിയിലെ നാനാതരം ദുർഗന്ധങ്ങൾ അനുഭവിച്ച് പഴകിയത്; ഒരുമിച്ചാണ് അവർ അനേകം വായനശാലകൾക്കും, പ്രദർശനങ്ങൾക്കും, പ്രക്ഷോഭണങ്ങൾക്കും പണപ്പിരിവുകൾ നടത്തി, പിരിവിന്റെ പകുതിയിലധികം ഭാഗം കൊണ്ട് കാപ്പിക്ലബ്ബിലേയും സിഗരറ്റു കടയിലേയും കണക്കു തീർത്ത് തടിയൊഴിച്ചത്; ഒരുമിച്ചാണ് അവർ നിർദ്ദിഷ്ട സായാഹ്നത്തിൽ മാനാഞ്ചിറയുടെ വക്കിൽ മേളിച്ചത്.

ഈ സ്നേഹിതന്മാർ തമ്മിൽ ഇങ്ങനെയൊരു സംഭാഷണം നടന്നു:

സഞ്ജയൻ: "എന്താ ചങ്ങാതീ, ഒന്നുമായില്ലേ?"

പറങ്ങോടൻ: "എല്ലാമായി."

സഞ്ജയൻ: “എല്ലാമായെന്നുവച്ചാൽ?”

പറങ്ങോടൻ: “എല്ലാം ആയെന്നുതന്നെ. ‘ഐഹിക പാരത്രിക വിജ്ഞാനജ്ഞാന സംവർദ്ധിനി വായനശാല’യുടെ പേരിൽ നൂറുറുപ്പിക പിരിച്ചിട്ടുണ്ട്.”

സഞ്ജയൻ: “നൂറുറുപ്പിക കൊണ്ടെന്താവും? കാപ്പി കുടിച്ച വകയിൽ ശത്രുഘ്നയ്യർക്കു തന്നെ എഴുപതുറുപ്പികയിലധികം രണ്ടാളും കൂടി കൊടുപ്പാനുണ്ടാവുകയില്ലേ?”

പറങ്ങോടൻ: “താൻ ബുദ്ധിശൂന്യനായ ഒരു മരക്കഴുതയാണ്; വകതിരിവില്ലാത്ത ഒരു മ്ലേച്ഛനാണ്. അതല്ലെങ്കിൽ ഈ നൂറുറുപ്പിക ശത്രുഘ്നയ്യർക്ക് കൊടുപ്പാനാണെന്നാണോ താൻ വിചാരിച്ചിരിക്കുന്നത്? തന്റെ തലയുടെ കല്ല് ഇളകിപ്പോയിരിക്കുന്നു! താൻ നിയമേന നെല്ലിക്ക ഉപയോഗിക്കണം.”

സഞ്ജയൻ: “പണം പിരിക്കുന്നത് കടംതീർക്കുവാനാണെന്നല്ലേ ഞാൻ കരുതിയത്?’

പറങ്ങോടൻ: “അതാണ് തന്റെ വങ്കത്തമെന്നു പറഞ്ഞത്, പണം പിരിച്ചത് ധനമുണ്ടാക്കുവനാണ്.”

സഞ്ജയൻ: “പിരിഞ്ഞപണം ധനമല്ലേ?”

പറങ്ങോടൻ: “അതേ. പക്ഷേ അത് സാധനമല്ല, ഉപായം മാത്രമാണ്. അതു ചൂണ്ടലിന്റെ ഇരയാണ്, ഇരയെ മത്സ്യം ഭക്ഷിക്കും; മത്സ്യത്തെ നമ്മൾ ഭക്ഷിക്കും.”

സഞ്ജയൻ: “ഈ ഇര ഭക്ഷിക്കുന്ന മത്സ്യങ്ങൾ ഏതാണ്?”

പറങ്ങോടൻ: “പത്രവായനക്കാർ!”

സഞ്ജയൻ: “ഏതു പത്രത്തിന്റെ വായനക്കാർ?”

പറങ്ങോടൻ: “നൂറുറുപ്പികകൊണ്ട് ഏതെല്ലാം പത്രങ്ങളിൽ ഞാനുദ്ദേശിക്കുന്ന ഒരു പരസ്യം പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കുമോ അവയുടെയൊക്കെ വായനക്കാർ”............

സഞ്ജയൻ: “താൻ എന്തു പരസ്യമാണ് പ്രസിദ്ധപ്പെടുത്തുവാൻ വിചാരിക്കുന്നത്? ‘നമ്മൾ രണ്ട് നിസർഗ്ഗ നിസ്തേജന്മാർ ഗതികെട്ടമ്പലവാസികളായി നടക്കുന്നതിനാൽ പൊതുജനങ്ങളുടെ സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു’ എന്നോ? ചിത്രമായി!”

പറങ്ങോടൻ: “അതു വരുമ്പോൾ കണ്ടോളൂ.”

സഞ്ജയൻ: “അല്ലാ നേരമ്പോക്കു പോട്ടെ! സത്യമായും ഇങ്ങനെ കഷ്ടപ്പെട്ടു നേടിയ പണം വല്ല ഭ്രാന്തിന്റെയും വാലിന്മേൽ കെട്ടി ആകാശത്തിലേക്കു വിടുവാൻ താൻ ആലോചിക്കുകയല്ലല്ലോ!”

പറങ്ങോടൻ: “ആകാശത്തിലേക്കു വിടുവാൻ തന്നെയാണ് പോകുന്നത്. പക്ഷേ ഭ്രാന്തിന്റെ വാലിന്മേൽ കെട്ടീട്ടല്ല; പരസ്യത്തിന്റെ കഴുത്തിൽ തൂക്കീട്ടാണ്. അത്രയേ വ്യത്യാസമുള്ളൂ.”

അന്നു രാത്രി ഞാൻ വളരെ കുറച്ചേ ഉറങ്ങിയുള്ളൂ. സ്വപ്നമാണെങ്കിൽ കുറേയധികം കാണുകയും ചെയ്തു.

കണ്ണു തുറന്നപ്പോൾ നമ്മുടെ പറങ്ങോടനുണ്ട് കട്ടിലിന്മേലിരിക്കുന്നു.

“എന്താണിത്ര പുലർച്ചെ പുറപ്പെട്ടത്?”

“പുലർച്ചയോ? പുലർന്നിട്ട് നാഴിക നാലായി.”

ഞാൻ എഴുന്നേറ്റിരുന്നു. മിസ്റ്റർ പറങ്ങോടൻ അന്നത്തെ കേരളകാഹളത്തിന്റെയും മലയാളമദ്ദളത്തിന്റെയും ഓരോ കോപ്പി കിടക്കയിൽ വച്ചു. ‘കാഹള’ത്തിലുള്ള ഒരു പരസ്യത്തിന്റെ നേർക്ക് വിരൽ ചൂണ്ടി. ഞാൻ വായിച്ചു. പരസ്യം ഇതായിരുന്നു.

“അദ്ഭുതം! അത്യദ്ഭുതം!! ഇങ്ങനെയൊന്നു കണ്ടിട്ടില്ല” എന്നാണ് ഉപയോഗിച്ചവരെല്ലാം – ഒന്നൊഴിയാതെ പറയുന്നത്. ഹിമാലയത്തിൽ നിന്ന് ഞങ്ങൾ നേരിട്ടു വരുത്തിയ സാക്ഷാൽ ത്ര്യൈയംബക രുദ്രാക്ഷങ്ങളെപ്പറ്റി നിങ്ങൾ ഇനിയും കേട്ടിട്ടില്ലെങ്കിൽ അത് കേൾക്കുമ്പോഴേക്ക് ഞങ്ങളുടെ സ്റ്റോക്കു തീർന്നുപോയെന്നു വരാവുന്നതാണ്. കഷ്ടിച്ച് മുന്നൂറെണ്ണം മാത്രമേ ബാക്കിയുള്ളൂ. ഈ രുദ്രാക്ഷങ്ങളിലോരോന്നും പതിനായിരം ഉരു ത്ര്യൈയംബകഹൃദയമന്ത്രം ജപിച്ച് ആവാഹിക്കപ്പെട്ടതാണ്. ഹിമാലയ മഹാഗിരിയുടെ ഗഹ്വരങ്ങളിലൊന്നിൽ തപസ്സുചെയ്തുകൊണ്ടിരിക്കുന്ന ഒരു മഹാസിദ്ധനാണ് ഇവയെ സംസ്കരിച്ചിട്ടുള്ളത്. ഈ രുദ്രാക്ഷം കഴുത്തിൽ ധരിക്കുന്നവർക്ക് ലോകത്തിൽ അസാദ്ധ്യമായി യാതൊന്നും ഉണ്ടാവുകയില്ലെന്നു പറയുന്നത് അതിശയോക്തിയാണെന്നു കരുതുന്നവർ ഇതൊന്നു പരീക്ഷിച്ചു നോക്കുകയേ വേണ്ടൂ. രുദ്രാക്ഷം ഒന്നിന് വില 1 ക. മാത്രം. ഒരു ഡസൻ ഒന്നായി വാങ്ങുന്നവർ 10 ക. മണിയോർഡർ ചെയ്താൽ മതി. ഉടനേ അപേക്ഷിക്കുക. അപേക്ഷിക്കേണ്ടും മേൽവിലാസം:

രുദ്രാക്ഷസിദ്ധ ഡിപ്പോ<br>
ഡിപ്പാർട്ടുമെന്റ് K — /379<br>
കോഴിക്കോട്.

“മദ്ദള”ത്തിലെ പരസ്യം കുറച്ചുകൂടി ഗംഭീരമായിരുന്നു.<br>
“ഇക്കണ്ടതൊന്നും കണക്കല്ല മന്നവ!”

പാശ്ചാത്യശാസ്ത്രങ്ങൾ കണ്ടതിലും അപ്പുറത്ത് ഇനിയും അനേകമനേകം രഹസ്യങ്ങൾ ഉണ്ടെന്ന് ബോധ്യമാകാത്തവർ ആരെങ്കിലുമുണ്ടോ? മന്ത്രത്തിന്റെ അദ്ഭുത ഫലങ്ങളെക്കുറിച്ച് ഒരു അനുഭവമെങ്കിലും നേരിട്ടുണ്ടാവുകയോ പത്രങ്ങളിൽ വായിക്കുകയോ ചെയ്യാത്തവർ ലക്ഷത്തിലൊന്നുണ്ടോ? ഉണ്ടെങ്കിൽ അവരെ ഞങ്ങളുടെ സിദ്ധരുദ്രാക്ഷം (ത്ര്യൈയംബക രുദ്രാക്ഷം) വിശ്വസിപ്പിക്കും! അവൾ നിങ്ങളെ സ്നേഹിക്കുന്നില്ലേ? അദ്ദേഹം നിങ്ങളിൽ വിരക്തി കാണിക്കുന്നുണ്ടോ? പരീക്ഷ പാസ്സാകുവാൻ സാധിക്കുകയില്ലെന്ന് നിങ്ങൾ തീർച്ചപ്പെടുത്തിക്കഴിഞ്ഞുവോ? ഉദ്യോഗക്കയറ്റത്തിന്റെ കാര്യത്തിൽ നിങ്ങൾ ഹതാശനായിരിക്കുകയാണോ? നിങ്ങളുടെ രോഗം മാറുകയില്ലെന്ന് വൈദ്യന്മാർ

തീർച്ചപ്പെടുത്തിയോ? വിവാഹം ചെയ്തിട്ട് ഒരു വ്യാഴവട്ടക്കാലത്തിലധികമായെങ്കിലും ഒരു കുട്ടിയുടെ മുഖം കാണാതെ മരിക്കേണ്ടിവരുമെന്നാണോ നിങ്ങളുടെ ഭയം? — — എങ്കിൽ നിങ്ങൾ ഞങ്ങളുടെ ത്രൈയംബക രുദ്രാക്ഷം ഒന്നു വരുത്തി ഉപയോഗിച്ചു നോക്കുക!

ത്രൈയംബക രുദ്രാക്ഷത്തിന് ഒരുറുപ്പികയേ വിലയുള്ളൂ. എത്ര പണം നിങ്ങൾ ചികിത്സയ്ക്കു വേണ്ടിയും മറ്റുപായങ്ങൾക്കുവേണ്ടിയും ചെലവാക്കി! കൂട്ടത്തിൽ ഒരുറുപ്പികയ്ക്ക് ഒരവസാന പരീക്ഷകൂടി കഴിച്ചുകൂടെന്നോ?

ഈ ഉറുപ്പിക വെറുതെപോവുകയില്ലെന്ന് ഞങ്ങൾ ഉറപ്പുതരുന്നു. ഹിമാലയത്തിലെ ഒരു സിദ്ധയോഗിയാണ് ഈ രുദ്രാക്ഷങ്ങളെ മന്ത്രപൂതമാക്കിയിരിക്കുന്നത്. ഇന്നുതന്നെ ഒന്നിന് എഴുതുക! ഉപയോഗിച്ച് തൃപ്തിയടയുക! 10ക മണിയോർഡർ ചെയ്യുന്നവർക്ക് 12 രുദ്രാക്ഷം അയയ്ക്കും.

സിദ്ധ രുദ്രാക്ഷ ഡിപ്പോ
ഡിപ്പാർട്ടുമെന്റ് K — /379
കോഴിക്കോട്.

പറങ്ങോടന്റെ തലയ്ക്കു സുഖമില്ലായ്മയെപ്പറ്റി മുമ്പൊരു സംശയം മാത്രമേ എനിക്കുണ്ടായിരുന്നുള്ളുവെങ്കിൽ ഇപ്പോൾ അത് ദൃഢപ്പെട്ടു. ഇങ്ങനെയൊരു ഭ്രാന്ത് ആരെങ്കിലും ഇതുവരെ കേട്ടിട്ടുണ്ടോ? എന്തൊരു പച്ചക്കളവാണ്! ഏതു ഹിമാലയ യോഗി? എന്തു രുദ്രാക്ഷം? എന്നു മാത്രമല്ല, ഈ കളവുകൾ പ്രസിദ്ധപ്പെടുത്തിയതിന് വല്ല പോലീസ് പ്രോസിക്യൂഷൻ കൂടി വരുവാൻ തരമുണ്ടോ എന്ന് ഞാൻ ആലോചിച്ചു. പക്ഷേ ആ ശങ്ക അസ്ഥാനത്തിലാണെന്ന് എനിക്കുതന്നെ ബോദ്ധ്യമായി. പരസ്യങ്ങളിൽ എന്തും എത്രയും പറയാമെന്നാണ് നിയമം! എന്നാലും മറ്റുള്ള സംഗതികളോ? ഞാൻ ചോദിച്ചു: — "എടോ സത്യമായും താനാണോ ഈ പരസ്യങ്ങളുടെ കർത്താവ്?"

"അതേ"

"തന്റെ കൈവശം രുദ്രാക്ഷങ്ങളുണ്ടോ?"

"ഉണ്ട്: മൂന്നു ചാക്കു നിറയെ ഉണ്ട്."

"അവ മന്ത്രപൂതങ്ങളാണോ?"

"അല്ലെന്ന് ആരു പറയുന്നു?"

ഞാൻ ആലോചിച്ചു. അതു ശരിതന്നെ.

"ഇതിന് ഒരു സമയം ആളുകൾ ആവശ്യപ്പെട്ടാലോ?"

"മഹാബുദ്ധിമാനേ, അത് ആളുകൾ ആവശ്യപ്പെടണമെന്നു കരുതിയല്ലേ ഇല്ലാത്ത പണം ചെലവാക്കി പരസ്യം പ്രസിദ്ധപ്പെടുത്തിയത്?"

"ഇവയ്ക്കു താൻ പറഞ്ഞ ഫലങ്ങൾ എങ്ങനെ കാണും?"

“പോട്ടെ. ഞാനൊരു വീരവാദം പറയട്ടെ; ഇന്നുമുതൽ മൂന്നു മാസത്തിനകത്ത് നമ്മുടെ രുദ്രാക്ഷം ഉപയോഗിച്ച് രോഗം മാറിയവരുടെ, പരീക്ഷ പാസ്സായവരുടെ, ഇഷ്ടപ്പെട്ട പ്രെണ്ണിന്റെ പ്രേമം നേടിയവരുടെ, ഉദ്യോഗകയറ്റം കിട്ടിയവരുടെ, വ്യവഹാരത്തിൽ ജയിച്ചവരുടെ, അത്യാപത്തിൽ നിന്നു രക്ഷപെട്ടവരുടെ സ്വന്തം കൈയക്ഷരത്തിലുള്ള മുന്നൂറിൽ കുറയാതെ എഴുത്തുകൾ നമ്മൾക്കു പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുവാൻ കഴിയുമെന്നു ഞാൻ ഉറപ്പുതരുന്നു. വാതുവെയ്ക്കുന്നോ?”

ഞാൻ മിഴിച്ചു. പറങ്ങോടനെപ്പറ്റി അതുവരെയില്ലാതിരുന്ന ഒരു ബഹുമാനം എന്റെ മനസ്സിൽ അങ്കുരിച്ചു. കാര്യം എനിക്ക് അപ്പോഴും മനസ്സിലായിട്ടില്ല, പക്ഷേ അങ്ങോരുടെ വാക്കുകളിലെ ശാന്തതയും ഉറപ്പും അത്ര അധൃഷ്യങ്ങളായിരുന്നു. സവിനയം ഞാൻ ചോദിച്ചു:

“അപ്പോൾ തന്റെ ഈ രുദ്രാക്ഷങ്ങൾക്ക് യഥാർത്ഥമായ വല്ല ദിവ്യശക്തിയുമുണ്ടോ?”

പറങ്ങോടൻ കട്ടിലിന്മേൽ നിന്ന് എഴുന്നേറ്റ് ക്യാൻവാസ് കസാലയിന്മേൽ പോയി ചാരിക്കിടന്ന് കൈകൊട്ടി മേല്പോട്ടു നോക്കി അത്യുച്ചത്തിൽ “ഹാ...ഹാ...ഹാ” എന്നു പൊട്ടിച്ചിരിച്ചു. ഒരു ചിരി കഴിഞ്ഞപ്പോൾ വേറൊരു ചിരി ആരംഭിച്ചു. അങ്ങനെ തിരുവാതിര ഞാറ്റുവേലയിലെ മഴപോലെ ഏകദേശം അരമണിക്കൂർ നേരം ചിരിച്ചു. എനിക്കു കുറേശ്ശെ ശുണ്ഠി വന്നു തുടങ്ങി. “താനെന്താണ് കഴുതയെപ്പോലെ ഇളിക്കുന്നത്?” എന്നു ഞാൻ ചോദിച്ചു. പറങ്ങോടൻ അക്ഷോഭ്യനായി സമാധാനം പറഞ്ഞു – “തന്റെ ഉപമ പ്രകൃതിശാസ്ത്രവിജ്ഞാനത്തെ കുറിക്കുന്നില്ല; പ്രതിയോഗിയെ വല്ലതും പറഞ്ഞ് അവമാനിക്കണമെന്നുള്ള ദുരുദ്ദേശ്യത്തെ മാത്രമേ കുറിക്കുന്നുള്ളൂ. അതുപോട്ടെ, ശുദ്ധാത്മാവേ, കൂപമണ്ഡൂകമേ, മരമസ്തിഷ്കമേ, നിർവിചാര സത്വമേ, വങ്കശിരോമണേ, ആജന്മ ഗർദ്ദഭമേ – – ,”

ഞാൻ: “നില്ക്കു ! നില്ക്കു ! ഞാനും കുറച്ചു പറയട്ടെ: ‘കർദ്ദമശിരസ്സേ, സമ്പൂർണ്ണോന്മാദമേ, നിസർഗ്ഗ ദീപാളിത്തമേ, നിർഭര തെമ്മാടിത്തമേ, ദുസ്സഹ വിഡ്ഢിത്തമേ, കുതിരവട്ടമേ!’ – – ഇനിപ്പറഞ്ഞോളൂ.”

പറങ്ങോടൻ: “ഹു: തന്റെ സിദ്ധാന്തം. ആട്ടെ ഞാൻ പറയാം. ഈ രുദ്രാക്ഷങ്ങൾക്ക് ആ മുറ്റത്തു കാണുന്ന ഉരുളൻ കല്ലുകളെക്കാൾ യാതൊരു മഹത്ത്വവുമില്ല. സർവവ്യാപിയായ ബ്രഹ്മം അവയിലെന്നപോലെ ഇവയിലുമുണ്ടെന്ന് വേണമെങ്കിൽ സിദ്ധാന്തിക്കാം.”

ഞാൻ: “എന്നാൽ താൻ എങ്ങനെയാണ് തന്റെ രുദ്രാക്ഷങ്ങൾ ഉപയോഗിക്കുന്നവർ തനിക്കു സർട്ടിഫിക്കറ്റ് തരുമെന്ന് പ്രതീക്ഷിക്കുന്നത്?”

പറങ്ങോടൻ കീശയിൽ നിന്ന് ഒരു സിഗററ്റെടുത്തു കൊളുത്തി ഇങ്ങനെ പറഞ്ഞു: “ആദ്യമായി ഞാൻ ചോദിക്കുന്ന ചില ചോദ്യങ്ങൾക്ക് ഉത്തരം പറയണം. കാര്യം ഞാൻ ഒടുക്കം പറയാം. ഈ ലോകത്തിൽ രോഗം പിടിച്ചവരൊക്കെ മരിക്കുന്നുണ്ടോ?”

“ഇല്ല”

“പരീക്ഷയ്ക്കു പോയവരൊക്കെ തോല്ക്കുന്നുണ്ടോ?”

“ഇല്ല”

വിവാഹംകഴിക്കുന്നവരിൽ നൂറിൽ നൂറും തങ്ങൾക്ക് തീരെ പ്രണയമില്ലാത്ത സ്ത്രീപുരുഷന്മാരെയാണോ വിവാഹം കഴിക്കുന്നത്?”

“അല്ല”

“കോടതികളിൽ കേസ്സുള്ളവർ എല്ലാം ചെലവുസഹിതം തോല്ക്കാറുണ്ടോ?”

“ഇല്ല”

“ശരി: എന്നാൽ നമുക്ക് സർട്ടിഫിക്കറ്റു കിട്ടും. നൂറു വിദ്യാർത്ഥികൾ നമ്മുടെ രുദ്രാക്ഷം വാങ്ങിയാൽ അവരിൽ ഇരുപതുപേർ – ഇല്ലെങ്കിൽ പത്തുപേർ, അതുമല്ലെങ്കിൽ രണ്ടാളുകൾ – എങ്കിലും പാസ്സാവുകയില്ലേ? അവർ തീർച്ചയായും നമ്മൾക്ക് ആ വിവരം എഴുതി അയയ്ക്കും. രുദ്രാക്ഷം വാങ്ങുന്ന നൂറു രോഗികളിൽ, ഈ കോഴിക്കോട്ടു നഗരത്തിൽ കൂടി, രണ്ടാളുകളുടെയെങ്കിലും രോഗം മാറിക്കിട്ടുകയില്ലേ? ആ രണ്ടാളുകൾ നമ്മൾക്ക് സസന്തോഷം സർട്ടിഫിക്കറ്റ് തരും.”

“ബാക്കിയുള്ള തൊണ്ണൂറ്റെട്ടാളുകളോ?”

“അവർ തങ്ങൾക്കു പറ്റിയ വിഡ്ഢിത്തത്തെ പറ്റി ഒരക്ഷരം മിണ്ടുകയില്ല. ഒരു പക്ഷേ നമ്മൾക്ക് എഴുതിയേക്കാം. ആ എഴുത്തുകൾ നമ്മൾ പ്രസിദ്ധപ്പെടുത്തിക്കൊള്ളണമെന്നു നിയമമുണ്ടോ? അതുമല്ല. ഉപയോഗിച്ചു ഫലം കണ്ടു എന്നു വിശ്വസിക്കുന്നവർ അവിശ്വാസികളുടെ വാക്ക് എടുക്കുകയുമില്ല.”

“അതിരിക്കട്ടെ, ഡിപ്പാർട്ടുമെന്റ് K/379 എന്നുവച്ചാലെന്താ? എന്തു K? 379 ഡിപ്പാർട്ടുമെന്റുകൾ എന്തിനു വേണ്ടിയാണ്?”

“അതൊക്കെ വിഡ്ഢികൾക്ക് വിഴുങ്ങാനാണ് മൂപ്പരേ! K/379 എന്നു വച്ചാൽ A/1 എന്നു മാത്രമാണർത്ഥം. കിം ബഹുനാ? ‘എട്ടു നാളിനകം പുറം ചില ചട്ടമൊന്നു പകർന്നു പോം’ എന്നു മാത്രമേ ഞാൻ തല്ക്കാലം പറയുന്നുള്ളൂ.”

“ശരി! ശരി! ഭേഷ്! – തന്നെപ്പറ്റി പറഞ്ഞതൊക്കെ ഞാൻ മാപ്പുസമേതം മടക്കിയെടുത്തിരിക്കുന്നു. ‘തേരിലേറി നടക്കുമമ്പൊടു ഞാനുമെന്നുടെ പാർത്ഥനും’ എന്നു കൂടി ഞാൻ പറയാൻ വിചാരിക്കുന്നു. പാർത്ഥൻ എന്നുവച്ചാൽ പ്രകൃതത്തിൽ പറങ്ങോടൻ ഇത്യർത്ഥം.”

“താൻ എന്തെങ്കിലും പറഞ്ഞുകൊള്ളൂ. ഞാൻ പോകുന്നു. പിന്നെക്കാണാം.”

പറങ്ങോടൻ പോയി. പിന്നെ എന്തെന്നില്ലാത്ത ഒരു ഉന്മേഷത്തോടുകൂടി ആസന്നമായ ലോക വഞ്ചനാസമാരംഭം ഗതിവേഗം കൂട്ടിയ ഹൃത്സ്പന്ദത്തോടുകൂടി ഞാൻ ദിനകൃത്യങ്ങൾക്കൊരുങ്ങി.

ദിവസം പത്തുപതിനഞ്ചു കഴിഞ്ഞു. ഓർഡറുകൾ ഒന്നും വന്നു ചേർന്നില്ല. ശത്രുഘ്നയ്യരുടെ

കാപ്പിക്ലബ്ബിനു മുൻവശത്തു കൂടി പോകുവാൻ നിവൃത്തിയില്ലാത്തതുകൊണ്ട് പറങ്ങോടനും ഞാനും ചിലപ്പോൾ ഒന്നും രണ്ടും ഫർലോങ് വഴി വളച്ചാണ് പോകാറുള്ളത്.

കുറച്ചു ദിവസം കൂടി കാത്തു. അതിനകത്ത് തിരുവിതാംകൂറിൽ കരുനാഗപ്പള്ളിയിൽ നിന്ന് അബ്രഹാം കപ്പമൂട്ടിൽ എന്ന ഒരു വിദ്വാൻ മാത്രം ഒരെഴുത്തെഴുതി. കാർഡായിരുന്നു. പറങ്ങോടനും ഞാനും ഒരുമിച്ചിരിക്കുമ്പോഴാണ് തപാൽ ശിപായി അതു കൊണ്ടുവന്നുതന്നത്. പരസ്യത്തിലുള്ള മേൽവിലാസം കണ്ടപ്പോൾത്തന്നെ പറാങ്ങോടൻ വിജയസൂചകമായ ഒരു പുഞ്ചിരിയോടു കൂടി എന്നെ ഒന്നു നോക്കി. എന്റെ നെഞ്ഞിടിപ്പ് ദുർഭരമായിരുന്നു. "ഗണപതിക്കയ്യല്ലേ? ഉറക്കെ വായിക്കൂ!" എന്നു ഞാൻ പറങ്ങോടനോടു പറഞ്ഞു. അങ്ങോർ വായിച്ചു:

"കേരള കാഹളത്തിൽ നിങ്ങളുടെ പരസ്യം കണ്ടതിന്മണ്ണമാണ് ഞാനിതെഴുതുന്നത്. ഞാൻ ഏഴു വർഷമായി ഒരു വയറുവലികൊണ്ട് എന്തെന്നില്ലാത്ത വിമ്മിട്ടം അനുഭവിക്കുന്നു. നിങ്ങളുടെ രുദ്രാക്ഷം കൊണ്ട് വല്ല പൊറുതിയുമൊണ്ടാവുമോ? ഒണ്ടാവുമെങ്കിൽ ഒരെണ്ണം മറുവശത്തെഴുതിയ മേൽവിലാസത്തിൽ അയച്ചേക്കണം. ആദ്യംതന്നെ പണമൊന്നും തരികേല. നോവു മാറിയെങ്കിൽ ഒന്നല്ല രണ്ടോ നാലോ രൂപതന്നെ കൂട്ടതൽ തന്നേക്കാം. നിങ്ങളെപ്പറ്റി വളരെയൊക്കെ പ്രശംസിച്ചു നടക്കുകയും ചെയ്യാം."

ഈ കാർഡു വായിച്ചു തീർന്നതോടുകൂടി പറങ്ങോടന്റെ കോപത്തിനു തുല്യമായി ഈ ലോകത്തിൽ മറ്റൊന്നുണ്ടെങ്കിൽ അത് എന്റെ നിരാശത മാത്രമായിരുന്നു. ആ കരിനാഗപ്പള്ളിയിലെ നിസർഗ്ഗനിസ്തേജന്റെ വയറ്റുനോവ് "ധാരാഹന്ത കല്പാന്തതോയേ" കുളിക്കുമ്പോഴെങ്കിലും മാറിപ്പോകുമല്ലോ എന്നായിരുന്നു ഞങ്ങളുടെ ഒറ്റ വ്യസനം. കപ്പമൂട്ടിനെ കഠിനമായി ശകാരിച്ചുകൊണ്ട് ഒരു കാർഡ് എഴുതി അയയ്ക്കുവാൻ ഞങ്ങൾ ആലോചിച്ചുവെങ്കിലും അതിന്നാവശ്യമായ ഒമ്പതു പൈസ തത്ക്കാലം കൈവശമില്ലാത്തതുകൊണ്ട് അതു നിവൃത്തിയില്ലാതെവന്നു.

ഈ കാർഡു കിട്ടി ഒരാഴ്ച കഴിഞ്ഞതിനു ശേഷമാണ് തൃക്കരിപ്പൂരിൽ നിന്ന് ഒരാൾ, സ്വകാര്യമായ ഒരു കാര്യലാഭത്തെ ഉദ്ദേശിച്ചുകൊണ്ടാണെന്ന മുഖവുരയോടു കൂടി ഞങ്ങളുടെ രുദ്രാക്ഷത്തിനാവശ്യപ്പെട്ടത്. പക്ഷേ ഇത്തവണ കാർഡിന്റെ കൂടെ മണിഓർഡറും ഉണ്ടായിരുന്നു. രുദ്രാക്ഷം അയ്ക്കുവാനുള്ള തുക മാത്രം ഒരുറുപ്പികയിൽ നിന്നെടുത്ത് ബാക്കി, ആവശ്യങ്ങൾ നൂറായിരം ഉണ്ടായിരുന്നുവെങ്കിലും ഞങ്ങൾ ഒരു പെട്ടിയിൽ നിക്ഷേപിച്ചു. പിന്നീടുള്ള ചരിത്രം ചുരുക്കിപ്പറയാം: മൂന്നുമാസം കൊണ്ട് രണ്ടിടങ്ങഴി രുദ്രാക്ഷം ഞങ്ങൾ പല സ്ഥലങ്ങളിലേക്കുമായി അയച്ചുകൊടുത്തു. നാലുമാസം കഴിഞ്ഞപ്പോഴേക്കും മദ്രാസ്, കൽക്കത്ത, ബോംബായ് എന്നീ നഗരങ്ങളിലെ ഇംഗ്ലീഷ് ദിനപത്രങ്ങളിൽ ഓരോ ചെറിയ പരസ്യവും മലയാളം പത്രങ്ങളിൽ സർട്ടിഫിക്കറ്റുകളോടു കൂടിയ അരപേജ് പരസ്യങ്ങളും കൊടുക്കുവാൻ ഞങ്ങൾക്കു സാധിച്ചു.

പറങ്ങോടൻ പ്രതീക്ഷിച്ചിരുന്നതുപോലെ അന്നേ ഞങ്ങൾക്കു സർട്ടിഫിക്കറ്റുകൾ വരാതിരുന്നില്ല. അവയിൽ ചിലതിൽ കൂടി പ്രസ്സരിച്ച ഞങ്ങളുടെ രുദ്രാക്ഷത്തിന്റെ മാഹാത്മ്യ

ത്തിലുള്ള അതിരറ്റ ഭക്തിവിശ്വാസങ്ങൾ കണ്ടപ്പോൾ "ഒടുക്കം ഇതിൽ നമ്മളറിയാത്ത വല്ല അഭൗമശക്തികളും ഉണ്ടായിരിക്കുമോ?" എന്നുകൂടി ഞാൻ പറങ്ങോടനോടു ചോദിക്കുവാൻ പ്രേരിതനായി. ആ വഞ്ചകമഹാസമ്രാട്ടാകട്ടെ,

"വെൺചന്ദ്രികയ്ക്കു നിറംകൂട്ടുമാറൊന്നു
പുഞ്ചിരികൊള്ളുക മാത്രം ചെയ്തു!"

ഒരെഴുത്ത് ഇതാ:

S 2400

ഗുരുപാദങ്ങളെ,

ലോക രക്ഷചെയ്‌വാൻ അവതരിച്ചിരിക്കുന്ന അങ്ങുന്ന് ആരാണെന്ന് ഞാൻ അറിയുകയില്ല. പക്ഷേ ആരായിരുന്നാലും അങ്ങ് ലോകത്തിന് പ്രദാനം ചെയ്തിരിക്കുന്ന ഈ ദിവ്യവരം — അതിവിശിഷ്ടമായ ത്രൈയംബക രുദ്രാക്ഷം — ലോകത്തിലെ അവതാരപുരുഷന്മാരുടെ ഇടയിൽ അങ്ങയുടെ സ്ഥാനത്തെ ഉറപ്പിച്ചിരിക്കുന്നു. എനിക്കയച്ചുതന്ന രുദ്രാക്ഷം ഞാൻ ധരിക്കുവാൻ തുടങ്ങിയതിന്റെ ശേഷം ഞാനൊരിക്കലും ജയിക്കുമെന്ന് പ്രതീക്ഷിക്കാതിരുന്ന ഒരു കേസ് ജയിച്ചു. എന്റെ ഭാര്യ ഒരാൺകുട്ടിയെ പ്രസവിച്ചു. കഴിഞ്ഞ ആഴ്ച ഒരു വലിയ പ്രൈസ് കുറിയുടെ ഒന്നാം നറുക്കും എനിക്കു കിട്ടി. ഇങ്ങനെ അടുത്തടുത്ത് ഒരു ഭാഗ്യ സന്നിപാതം ഞാൻ എന്റെ ജീവകാലത്ത് അനുഭവിച്ചിട്ടില്ല. ദയ ചെയ്ത് പന്ത്രണ്ടു രുദ്രാക്ഷം കൂടി ഈ എഴുത്തുകണ്ടു ഉടനെ അയച്ചുതരുവാനപേക്ഷ. പത്തുറുപ്പിക ഇന്നലെ മണിയോർഡർ ചെയ്തിട്ടുണ്ട്. ഈ പരസ്യം നിങ്ങൾക്ക് ഏതു വിധത്തിൽ വേണമെങ്കിലും ഉപയോഗിക്കാം.

കൃതജ്ഞതാകുലൻ
കോറോത്ത് കൃഷ്ണൻനായർ

സാമ്പിളിന് ഒരെഴുത്തു കൂടി താഴെ ചേർക്കുന്നു.

P 2009

സർ,

നിങ്ങളുടെ രുദ്രാക്ഷം ധരിച്ചതിന്റെ ശേഷം ചിരകാലമായി ഞാനാഗ്രഹിച്ചിരുന്ന കാര്യം ഏഴു ദിവസത്തിനകം സാധിച്ചിരിക്കുന്നു. നന്ദി പറയുന്നു. മൂന്നു രുദ്രാക്ഷത്തിന്റെ വില ഇതു സഹിതം അയയ്ക്കുന്നു. സ്നേഹിതന്മാർക്കു വേണ്ടിയാണ്. ഔസേഫ് മാത്തൻ ബി.ഏ.

(പറയുന്നതിനിടയ്ക്ക് എഴുത്തിനു മീതെയുള്ള നമ്പർ പറങ്ങോടൻ ചേർത്തതാണ് രണ്ടായിരത്തിലധികം എഴുത്തുകൾ ഞങ്ങൾക്ക് കിട്ടിയെന്ന് അതു കണ്ടാൽ തോന്നുമെങ്കിലും ആദ്യത്തെ എഴുത്തിന്നു കൊടുത്ത നമ്പർ 2000 ആണെന്നു കൂടി ഇവിടെ പ്രസ്താവ്യമാണ്, S എന്നും P എന്നുമുള്ള അക്ഷരങ്ങൾ എഴുത്ത് ആദ്യം വായിച്ചത് സഞ്ജയനോ പറങ്ങോടനോ ആണെന്നു മാത്രമേ കുറിക്കുന്നുള്ളൂ.)

പക്ഷേ രണ്ടായിരത്തിലധികം എഴുത്തുകൾ വരാൻ ഞങ്ങൾ വളരെയൊന്നും താമസിക്കേണ്ടി വന്നില്ല. രുദ്രാക്ഷം പാർസലായി ആയയ്ക്കുവാൻ നിശ്ചയിക്കപ്പെട്ട കൂലിക്കാരുടെ എണ്ണം പ്രതിമാസം രണ്ടു വീതം വർദ്ധിച്ചു. ഒരു കൊല്ലത്തിനകത്ത് എഴുത്തുകൾക്ക് മറുപടി അയയ്ക്കുവാൻ രണ്ട് ക്ലാർക്കുമാരെയും ഞങ്ങൾ നിശ്ചയിക്കേണ്ടി വന്നു. ഇംഗ്ലീഷ് ദിനപ്രത്രങ്ങളിൽ ത്ര്യൈയംബക രുദ്രാക്ഷത്തിന്റെ പരസ്യം ആരും പെട്ടന്ന് കാണുവാനിടയില്ലാത്ത മൂലയിൽ ഒരിഞ്ച് (ഒറ്റക്കോളം) ആയിരുന്നത് പോയി ഒരു മുഴുവൻ പേജായി ത്തീർന്നു. 1934 ജനുവരി 1-ആം തീയതി മുതൽ ഒരു വലിയ മാളികക്കെട്ടിടം ഞങ്ങൾ 50 ക വാടകയായെടുത്തു. രുദ്രാക്ഷം സപ്ലൈ ചെയ്യുന്ന ഏജൻസികളുടെ എണ്ണം ആറായിരുന്നു. വേറെയും പരിഷ്കാരങ്ങൾ ഞങ്ങൾ വരുത്തി. വെള്ളികെട്ടിച്ച രുദ്രാക്ഷം അഞ്ചുറുപ്പികയ്ക്കും സ്വർണ്ണം കെട്ടിച്ചത് ഇരുപതുറുപ്പികയ്ക്കും ഞങ്ങൾ അയയ്ക്കുവാൻ തുടങ്ങി. (ആവഴിക്കും ആദായമുണ്ടായിരുന്നു). സ്ത്രീകൾക്കു ധരിക്കുവാൻ ഒരു മാതിരി ചെറിയ രുദ്രാക്ഷം അതിമനോഹരമായ ലോക്കറ്റിൽ അടക്കി സ്വർണ്ണചെയിൻ സമേതം 100 ക. വിലയായി ഞങ്ങൾ സ്റ്റോക്കു ചെയ്തു.

1935 പിറന്നു. പറങ്ങോടനും ഞാനും പണക്കാരായി. ഞങ്ങൾക്ക് രാഷ്ട്രീയ കാര്യങ്ങളിൽ അഭിരുചി വർദ്ധിച്ചു. പറങ്ങോടനും ഞാനും ഓരോ പ്രാദേശിക ബോർഡിന്റെ അധ്യക്ഷന്മാരായി. കാറുകൾ ഞങ്ങൾക്ക് പ്രത്യേകമുണ്ടായിരുന്നു. ശത്രുഘ്നയ്യർ പൊളിഞ്ഞു ദീപാളിയായി. ടൗണിലുള്ള അയാളുടെ കാപ്പിക്ലബ് കെട്ടിടം ലേലത്തിൽ വിറ്റപ്പോൾ അതു ഞങ്ങൾ വാങ്ങി ആ സ്ഥലത്ത് അതിഗംഭീരമായ ഞങ്ങളുടെ രുദ്രാക്ഷ ഡിപ്പോ പണിയിച്ചു. ഗൗരീശങ്കർ ബാങ്ക് മാനേജരായിരുന്ന ശങ്കർ ലാൽസേട്ട് ഇൻസോൾവെന്റായപ്പോൾ കടപ്പുറത്തുള്ള അദ്ദേഹത്തിന്റെ അമരാവതീസദൃശമായ മൂന്നുനില ബംഗ്ലാവും ഞങ്ങൾ വില കൊടുത്തു വാങ്ങി. പറങ്ങോടൻ എന്ന പേരിന് അവസ്ഥ പോരായ്കയാൽ അങ്ങോർ തന്റെ പേരുമാറ്റി, പി. എൻ. പൂഴിപ്പറമ്പ് എന്നാക്കി. നിലവിലുള്ള രണ്ടു കാറുകൾക്കു പുറമേ ഒരു റോൾസ് റോയ്സ് ഞങ്ങൾ ഇരുവരും കൂടി വാങ്ങി.

ആറു മാസം മുൻപ് ഒരു ദിവസം ഞങ്ങളുടെ റോൾസ്റോയ്സ് ബംഗ്ലാവിന്റെ ഗെയ്റ്റിനടുത്ത് എത്താറായപ്പോൾ പന്ത്രണ്ടണ വിലയുള്ള ചുരുട്ടിന്റെ 'അന്ത്യദ്രേക്കാണ'ത്തെ പുറത്തേക്കെറിഞ്ഞ് ഞാൻ പറങ്ങോടനോട്ടു പറഞ്ഞു:

"അന്നൊരു ദിവസം നമ്മുടെ രുദ്രാക്ഷത്തിൽ വാസ്തവത്തിൽ നമ്മൾ കാണാത്ത വല്ല മഹത്ത്വവും ഒളിഞ്ഞുകിടക്കുന്നുണ്ടായിരിക്കുമോ എന്നു ഞാൻ ചോദിച്ചപ്പോൾ താൻ പുച്ഛരസത്തോടു കൂടി ചിരിച്ചത് ഓർമ്മയുണ്ടോ?"

പറങ്ങോടൻ: "എന്തോ എനിക്കോർമ്മയില്ല. പക്ഷേ അങ്ങനെ വല്ല മഹത്ത്വവും ഉണ്ടെന്നാണോ തന്റെ വിശ്വാസം?"

ഞാൻ: "അതേ."

പറങ്ങോടൻ: "തെളിവ്?"

ഈ സമയത്ത് കാർ നാനാസുമസുരഭിലമായ നടയിൽക്കൂടി വീടിന്റെ മുൻവശത്തെത്തി

നിന്നു. ഞാൻ പുറത്തിറങ്ങി – സ്വർണ്ണംകെട്ടിച്ച ആനക്കൊമ്പു വടി ബംഗ്ലാവിന്റെയും കാറിന്റെയും പൂന്തോട്ടത്തിന്റെയും നേരെ ചൂണ്ടിക്കൊണ്ടു പറഞ്ഞു. "തെളിവോ? അതാ! ഇതാ! അതാ!"

പറങ്ങോടൻ ചിരിച്ചു. പക്ഷേ ഇത്തവണ ആ ചിരിയിൽ പുച്ഛരസം തീരെ ഉണ്ടായിരുന്നില്ല. (ഇതി ശ്രീരുദ്രാക്ഷമാഹാത്മ്യം സമാപ്തം)

1997-ൽ അച്ചടിച്ച പത്താം ക്ലാസിലെ കേരളപാഠാവലി മലയാളം പുസ്തകത്തിലെ പാഠം. വിദ്യാർത്ഥികൾക്കായി സംശോധനം ചെയ്ത രൂപമായേക്കാനിടയുണ്ട്

# 9

## സഞ്ജയോപഖ്യാനം[1]

നമ്പൂതിരിയുടെ മകനോ ഗന്ധർവ്വന്റെ അവതാരമോ അല്ലാത്ത ഒരു ശൂദ്രന്ന സാഹിത്യപരിശ്രമം ചെയ്യുവാൻ അർഹതയില്ലെന്നായിരുന്നു പണ്ടത്തെ നമ്പൂതിരിമാരുടെ വിശ്വാസമെന്നു രസികശിരോമണിയായ ശ്രീ മൂർക്കോട്ടു കുമാരൻ അവർകൾ തെളിയിച്ചിട്ടുണ്ട്. വാസ്തവത്തിൽ ഈ വിവരം അറിഞ്ഞതു മുതൽ സഞ്ജയന്നു മനസ്സമാധാനം ഇല്ലാതായിരിക്കുന്നു; കാരണം സഞ്ജയൻ അടുത്തൊരു ദിവസം നല്ല മുഹൂർത്തം നോക്കി സാഹിത്യപരിശ്രമം ചെയ്യണമെന്നു നിശ്ചയിച്ചിട്ടുള്ള കൂട്ടത്തിലാണ്; നമ്പൂതിരിയുടെ മകനല്ല താനും. അർഹതയില്ലാത്ത സ്വാതന്ത്ര്യങ്ങൾ എടുക്കുന്നവരിൽ സഞ്ജയൻ വമ്പനല്ലെങ്കിൽ മുൻപനെങ്കിലുമാണെന്നു ചില പ്രസിദ്ധ വക്കീലന്മാർ കൂടി ഒരു സമയം നിങ്ങളെ അറിയിച്ചേക്കാൻ മതി; പക്ഷേ സാഹിത്യസംബന്ധമായി അങ്ങിനെയൊരു അപവാദം കേൾക്കുവാൻ പി.എസ്സ്. ഏതായാലും ഒരുങ്ങീട്ടില്ല. ഒരു ദിക്കിലെങ്കിലും ഒരാളുടെ പേരു അകളങ്കിതമായിരിക്കണ്ടേ? ഇത് തന്നെ മുൻപറഞ്ഞ മനസ്സമാധാനക്കുറവിന്നു ഹേതു എന്നറിഞ്ഞു കൊള്ളുകയും വേണം.

അതുകൊണ്ടു സഞ്ജയൻ നമ്പൂതിരിയുടെ മകനല്ലാത്ത സ്ഥിതിയ്ക്ക്, ഗന്ധർവ്വന്റെ അവതാരമാണെന്നു തെളിയിയ്ക്കുവാനെങ്കിലും വല്ല വഴിയുമുണ്ടൊ എന്ന പ്രശ്നത്തെസ്സംബന്ധിച്ച് പി.എസ്സ്. ഒരു ഗംഭീരഗവേഷണം തന്നെ നടത്തി. സത്യത്തെ ആരായുവാനുള്ള വിശിഷ്ടോദ്ദേശത്തെ മുൻനിർത്തി നടത്തപ്പെട്ട ഏതു ഗവേഷണമാണ് ഇതുവരെ പാഴായിപ്പോയിട്ടുള്ളതു? പി. എസ്സിന്റെ ഗവേഷണത്തിന്നും അചിരേണ ഫലം സിദ്ധിച്ചു.

"ക്ഷിപ്രം ഹി മാനുഷേ ലോകേ സിദ്ധിർഭവതി കർമ്മജാ."

[1] ഈ ഉപന്യാസം 1935 ജനവരി 9-ആം നവത്തെ കേരളപത്രികയിൽനിന്നു ചില്ലറഭേദഗതികളോടു കൂടി സഞ്ജയൻ 1-ആം പു. 6-ആം ലക്കത്തിൽ പകർത്തിയതാണ്.

പാറപ്പുറത്തെ പടിഞ്ഞാറ്റയിൽ പകൽവെളിച്ചം കാണാതെ എത്രയോ കാലമായി പൂത്തു കിടന്നിരുന്ന 'തോന്ന്യാസപുരാണം' താളിയോലഗ്രന്ഥത്തിന്റെ അവശിഷ്ടഭാഗങ്ങളിൽ ഒരേടത്ത് 'സഞ്ജയോപഖ്യാന'മെന്ന തലക്കുറിപ്പോടു കൂടി പി.എസ്സിന്റെ പൗർവ്വദൈഹിക ചരിത്രം അദ്ഭുതപരവശനായ ഗവേഷകന്റെ ദൃഷ്ടികൾക്കു വിഷയീഭവിച്ചു. കാർക്കോടകൻ ബദ്ധപ്പെട്ട് എങ്ങോട്ടോ പോകുന്ന നാരദമുനിയെ വഴിയിൽ കണ്ടുമുട്ടി, മുഷിച്ചിലുണ്ടാകാതിരിപ്പാൻ നമസ്കരിക്കുകയാണെന്ന വ്യാജേന, നിലത്തുവീണ് കാലുരണ്ടും കെട്ടിപ്പിടിച്ചു, താടിക്കാരന്റെ പ്രാരംഭപ്രതിഷേധവചസ്സുകളെ കേട്ട ഭാവം പോലും നടിയ്ക്കാതെ ക്രമേണ അദ്ദേഹത്തെ അനുരഞ്ജിപ്പിച്ചുകൊണ്ടു ചൊല്ലിത്തീർത്തുകളഞ്ഞതാണ് 'തോന്ന്യാസപുരാണ'മെന്ന വസ്തുത യഥാർത്ഥപണ്ഡിതന്മാരൊക്കെ ഗ്രഹിച്ചിരിയ്ക്കാവുന്നതാണല്ലോ. സഞ്ജയന്റെ കഴിഞ്ഞ ജന്മത്തെപ്പറ്റി 'തോന്ന്യാസത്തി'ൽ ഏകദേശം എന്തു പറയുന്നു എന്നു കേൾക്കുവിൻ (തർജ്ജമ എന്റേതാണ്; നന്നായിട്ടില്ലെങ്കിൽ മുഷിയരുത്)

നാരദൻ പറഞ്ഞു:

ശ്രീമൻ, കാർക്കോടകസ്വാമിൻ, തിരക്കുണ്ടെങ്കിലും ശരി, സഞ്ജയന്റെ പുരാവൃത്തം കേൾക്കുവാൻ ഇച്ഛയുണ്ട് മേ.

കാർക്കോടകൻ പറഞ്ഞു:

പണ്ടു[2] ചിത്രരഥൻ തന്റെ മകനായ്, തോന്ന്യാവാസിയായ്
ഗന്ധർവ്വനഗരം തന്നിൽ പിറന്നു സഞ്ജയൻ , മുനേ
യുക്തിവാദം പഠിച്ചേറ്റം തലയ്ക്കു വെളിവറ്റവൻ
അച്ചടക്കമുപേക്ഷിച്ചു നാടെങ്ങും തെണ്ടി, നാരദ.
ദേവേന്ദ്രനേയും മറ്റുള്ള ദേവന്മാരേയുമൊന്നുപോൽ
പരിഹാസം പൊഴിച്ചേറെ വേദനിപ്പിച്ചു കശ്മലൻ
എതിരായാരുമില്ലാതെ ധിക്കാരം മൂത്ത സഞ്ജയൻ
പരബ്രഹ്മജിയെപ്പോലും വക്കാണിച്ചു നടന്നുപോൽ!
ഒരു നാളഥ ശുണ്ഠിക്കു 'നോബലൈ്പ്രസു' ലഭിച്ചവൻ-
ദുർവാസാവു-കടന്നെത്തി ഗന്ധർവ്വനഗരത്തിലും
താടിക്കാരന്റെ പിന്നാലെപ്പതിനായിരമാളുകൾ
ഭക്ഷണാർത്ഥം നടക്കുന്നു ശിഷ്യരെന്നു നടിച്ചഹോ
ഈ ഘോഷയാത്ര ഗന്ധർവ്വമിഠായിത്തെരുവീഥിയിൽ
എത്തുമ്പോഴേയ്ക്കു വല്ലാത്തോരേക്സിഡെന്റു ബഭ്രുവ ഹി
നടുറോട്ടിൽ കിടക്കുന്ന പഴത്തൊലി ചവിട്ടിപോൽ
മുനീശ്വര;നുടൻതന്നെ വഴുതിപ്പാഞ്ഞു പോയിപോൽ[3]
ശരം പോകുന്നപോൽ നേരെച്ചെന്നു ദുർഗന്ധി ഗട്ടറിൽ
നിപതിച്ചു മഹായോഗി: വിധിയാർക്കു തടുത്തിടാം?
ഗുരുകോപം ഭയപ്പെട്ടു ചിരിനിർത്താൻ ശ്രമിക്കയാൽ

എണ്ണായിരത്തിൽ ചില്വാനം ശിഷ്യർ വീർപ്പറ്റു വീണപോയ്
ഗന്ധർവ്വ 'ഡെയിലി ടൈംസി' ന്റെ സ്വന്തം റിപ്പോർട്ടർ സഞ്ജയൻ
ഇക്കാഴ്ച കണ്ട നേരത്തു-ശേഷമെന്തിനു ചൊൽവു ഞാൻ
ധിക്കാരത്തിന്റെ കൂടായ സഞ്ജയൻ സർവവും തദാ
വിസ്മരിച്ചു നിരത്തിന്മേൽ വീണുരുണ്ടു ചിരിച്ചുപോൽ
ചിരി-കോളറപോലേറ്റം പകരുന്നൊരു സാധനം
തങ്ങളേയും പിടിച്ചേക്കാമെന്നു പേടിച്ചു മാമുനേ,
ഓട്ടം തുടങ്ങി ഗന്ധർവ്വപബ്ലിക്കും ശിഷ്യസംഘവും
ബാന്റുകാരും നിരന്നുള്ള യക്ഷകിന്നരവർഗ്ഗവും
ഒടുക്കം രണ്ടുപേർ മാത്രം ബാക്കിയായെന്റെ നാരദ:
വികൃതിസ്സഞ്ജയൻ റോട്ടിൽ; ഗട്ടറിൽ കുപിതൻ മുനി
'ടോപ്പുബോട്ടം' ചളിയണിഞ്ഞെഴുന്നേൽക്കവേ മാമുനി
സഞ്ജയന്റെ മഹാഹാസം മുഴങ്ങീ സർവ്വദിക്കിലും
യോഗനിദ്രയിലാണ്ടുള്ള വിഷ്ണുകുടിയുണർന്നുടൻ
കാപ്പികിട്ടാഞ്ഞു തൻകുട്ടിപ്പട്ടരോടു കയർത്തുപോൽ
ഹസന്തം സഞ്ജയം ദൃഷ്ട്വാ മുനീന്ദ്രോ ലിപ്തകർദ്ദമ:
വിവൃദ്ധമന്യുജം വഹ്നിം സസർജ കില നാരദ[4]
അത്തീയ്യി-ലപ്പുറം ഞാനെന്തോതുമെൻ പൊന്നുനാരദ!
പാവം പീ.യെസ്സു പാളീസ്സായ് വിശർത്തേറ്റം വിളർത്തുപോയ്

പദ്യം ചമച്ചു മടുത്തതിനാൽ കഥാശേഷം സംക്ഷേപിച്ചു ഗദ്യത്തിൽ പറയുന്നു – തദനന്തരം, ആപാദചൂഡം ചളിപുരണ്ട് കോപകഷായിതനേത്രനായ ഭഗവാൻ ദുർവ്വാസാവാകട്ടെ, മുൻ ചൊന്ന കോപാഗ്നിയിൽ, കനലിലിട്ട നേന്ത്രപ്പഴമെന്നോണം വെന്തുനീറുന്ന സഞ്ജയനെ നോക്കി ഇത്ഥം ബഭാണ:

“മൂഢാത്മാവേ, തപോധനനായ എന്റെ മാഹാത്മ്യമറിയാതെ എനിയ്ക്കു പറ്റിയ അപകടത്തെക്കുറിച്ച് ചിരിക്കുവാൻ മുതിർന്ന നിന്നെ ഞാനിതാ ശപിയ്ക്കുന്നു; ഇരുപതാം നൂറ്റാണ്ടിന്റെ ആദിഘട്ടത്തിൽ നീ മനുഷ്യരുടെ കൂട്ടത്തിൽ ചെന്നു ജനിയ്ക്കും. കേരളത്തിലെ നരകമെന്നു കുപ്രസിദ്ധമായ ഒരു മുനിസിപ്പാലിറ്റിയിൽ നീ കുറെക്കാലം താമസിച്ച് അവിടത്തെ കൊതുകടിയേറ്റും പൊടിഭക്ഷിച്ചും കഷ്ടപ്പെട്ട് അവശനായി ബുദ്ധിമുട്ടും. നിന്റെ വിനയമില്ലായ്മയും പരിഹാസബുദ്ധിയും കരിക്കട്ടയുടെ കറുപ്പു പോലെ, കാഞ്ഞിരിക്കായയുടെ കയ്പുപോലെ, എന്റെ ദേഹത്തിൽ പുരണ്ട ഈ ചളിയുടെ ദുർഗന്ധം പോലെ, നിന്നെ വിട്ടു പിരിയാതെ പറ്റിക്കിടക്കും. ഈ ദുർഗ്ഗുണങ്ങൾ ഹേതുവായി ഗവർമ്മെണ്ടും നാട്ടുകാരും, ജസ്റ്റിസ്സു കക്ഷിയും സോഷ്യലിസ്റ്റു കക്ഷിയും, തിരഞ്ഞെടുപ്പുകാലങ്ങളിൽ പൊട്ടിമുളയ്ക്കുന്ന

[2] ”ഗന്ധർവാണാം ചിത്രരഥ: സിദ്ധാനാം കപിലോ മുനി:” ഗീത 26

[3] പന്ത്രണ്ടു വയസ്സിന്നു കീഴെയുള്ള കുട്ടികൾ മാത്രം ചിരിച്ചാൽ മതി!

[4] ഈ ഭയങ്കര ശ്ലോകത്തെ തർജ്ജമ ചെയ് വാൻ ധൈര്യം പോരാതെ അപ്പടി എടുത്തു ചേർത്തിരിക്കുകയാണ്.

എണ്ണമില്ലാത്ത മറ്റു കക്ഷിക്കാരും, കക്ഷികളിൽ പെടാത്തവരും പണ്ഡിതന്മാരും പാമരന്മാരും, സാഹിത്യവിപ്ലവക്കാരും വനിതാസംഘങ്ങളും അധികൃതന്മാരും അനധികൃതന്മാരും, സനാതനികളും, അധഃകൃതരും മഹാകവികളും, ചില്ലറക്കവികളും, യുക്തിവാദികളും, ഡിസ്ട്രിക്ട് ബോർഡ് പ്രസിഡണ്ട് മുതലായ അധൃഷ്യമാന്യന്മാരും, എനിയ്ക്കു കുറ്ച്ചു തിരക്കുള്ളതിനാൽ പറഞ്ഞു തീർപ്പാൻ സമയമില്ലാത്ത ഭൂലോകത്തിലെ മറ്റെല്ലാ വർഗ്ഗക്കാരും സംഘക്കാരും, അഭിപ്രായക്കാരും, നേതാകന്മാരും നീതിമാന്മാരും, നിന്നെ വെറുത്തു, ദുഷിച്ചു, ശപിച്ചു, മുടിച്ചു, ലൂട്ടിമസ്സാക്കും.!”

മനുഷ്യനായി ജനിച്ച് ഒരു ചിരിയെങ്കിലും ചിരിച്ച് മരിയ്ക്കണമെന്നു ചിരകാലമായി ആശിച്ചുകൊണ്ടിരുന്ന സഞ്ജയനാകട്ടെ, ശാപമോക്ഷത്തിനൊന്നും ഹർജി അയയ്ക്കുവാൻ മിനക്കെട്ടില്ല. പക്ഷെ അച്ഛൻ ഇച്ഛിച്ചതും വൈദ്യൻ കൽപ്പിച്ചതും ഒന്നുതന്നെയാണെന്നുള്ള കഥ സഞ്ജയൻ ആ മഹാകോപിയോട് മിണ്ടിയതുമില്ല; വ്യസനം അഭിനയിച്ച് അവിടെ നിന്നു പോവുകയാണുണ്ടായത്. അങ്ങിനെ നിങ്ങളുടെ പി. എസ്സ്.

> ചങ്ങലംപരണ്ടയിൽ ചൊൽക്കൊണ്ട പാറപ്പുറ-
> ത്തിങ്ങനെ പിറന്നുപോൽ മാനുഷവേഷം ധൃത്വാ!

തലയിലെഴുത്തങ്ങുന്നേ, തലയിലെഴുത്ത്!!

Please write to ⟨info@sayahna.org⟩ to file bugs/problem reports, feature requests and to get involved.
Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA